# ഇരുപത്തഞ്ചുനോമ്പ്

# മംഗലവാർത്താക്കാലം ഒന്നാം ചൊവ്വ

**ഡിസംബർ - 01**

*ഇതാ ഇന്നുമുതൽ 25 നോമ്പ് ആരംഭിക്കുകയായി. ദിവ്യ രക്ഷകന്റെ വരവിനായി നാം ഒരുങ്ങുകയാണല്ലോ. ഞാനും എന്റെ കുടുംബവും ഇനിയുള്ള ദിവസങ്ങൾ എപ്രകാരം വിശുദ്ധമായി ചിലവഴിക്കണം എന്ന് ആലോചിച്ച് തീരുമാനിക്കേണ്ട ദിവസമാണിത്.*

**വിശുദ്ധ ലൂക്കാ അറിയിച്ച**
**നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:5-20**

ഹേറോദേസ് യൂദയാരാജാവായിരുന്ന കാലത്ത്, അബിയായുടെ ഗണത്തിൽ സഖറിയാ എന്ന ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹറോന്റെ പുത്രിമാരിൽപ്പെട്ട എലിസബത്ത് ആയിരുന്നു അവന്റെ ഭാര്യ. അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. അവർക്കു മക്കളുണ്ടായിരുന്നില്ല; എലിസബത്ത് വന്ധ്യയായിരുന്നു. ഇരുവരും പ്രായം കവിഞ്ഞവരുമായിരുന്നു. തന്റെ ഗണത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന ക്രമമനുസരിച്ച് ദൈവസന്നിധിയിൽ ശുശ്രൂഷ നടത്തിവരവേ, പൗരോഹിത്യവിധിപ്രകാരം കർത്താവിന്റെ ആലയത്തിൽ പ്രവേശിച്ച് ധൂപം സമർപ്പിക്കാൻ സഖറിയായ്ക്ക് കുറിവീണു. ധൂപാർപ്പണസമയത്ത് സമൂഹം മുഴുവൻ വെളിയിൽ പ്രാർഥിച്ചുകൊണ്ടിരുന്നു. അപ്പോൾ, കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുവശത്തു നിൽക്കുന്നതായി അവനു പ്രത്യക്ഷപ്പെട്ടു. അവനെക്കണ്ട് സഖറിയാ അസ്വസ്ഥനാവുകയും ഭയപ്പെടുകയും ചെയ്തു. ദൂതൻ അവനോടു



പറഞ്ഞു: സഖറിയാ ഭയപ്പെടേണ്ടാ. നിന്റെ പ്രാർഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവന്റെ ജനനത്തിൽ ആഹ്ളാദിക്കുകയുംചെയ്യും. കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരിപാനീയങ്ങളോ അവൻ കുടിക്കുകയില്ല. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും. പിതാക്കൻമാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാൻമാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിന്റെ മുമ്പേ പോകും. സഖറിയാ ദൂതനോടു ചോദിച്ചു: ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്; എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്. ദൂതൻമറുപടി പറഞ്ഞു: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആണ്. നിന്നോടു സംസാരിക്കാനും സന്തോഷകരമായ ഈ വാർത്ത നിന്നെ അറിയിക്കാനും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു. യഥാകാലം പൂർത്തിയാകേണ്ട എ ന്റെ വചനം അവിശ്വസിച്ചതുകൊണ്ട് നീ മൂകനായിത്തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല.

## വചനമനനം

അനാദിയിലെ ദൈവമൊരുക്കിയ വാഗ്ദാനത്തിന്റെ തിരുപ്പിറവിയാഘോഷങ്ങൾക്കു മാനവ ഹൃദയങ്ങളിൽ ഇടമൊരുക്കാൻ ഒരുങ്ങുന്ന ഇരുപത്തിയഞ്ചു നോമ്പിന്റെ പുണ്യപൂർണ്ണതയിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. തിരക്കുകളുടെ ലോകത്ത് ജീവിക്കാൻ വ്യഗ്രതപ്പെടുന്ന മാനവികതയോട് സ്വസ്ഥരാകാനും മനനം ചെയ്യാനും തിരിച്ചറിവുകൾ സ്വന്തമാക്കി ദൈവികരഹസ്യങ്ങളെ പുല്കാനും പഠിപ്പിക്കുകയാണ് മനുഷ്യരക്ഷകന്റെ തിരുപ്പിറവി. ദൈവം നൽകിയ വാഗ്ദാനങ്ങളെ തിരിച്ചറിഞ്ഞു സ്വന്തമാക്കാൻ നമുക്കൊരു 'സ്വസ്ഥതയുടെ നിമിഷം' ആവശ്യമാണ്. തിരക്കുകളെ മാറ്റിവയ്ക്കാൻ, ദൈവിക നന്മകളുടെ കിരണങ്ങളെ ഹൃദയത്തിൽ ഏറ്റുവാങ്ങാൻ തിരിച്ചറിവുകൾ സ്വന്തമാക്കാൻ നമുക്കും ഈ നോമ്പിൻ ദിനങ്ങളെ ഉപകാരപ്പെടുത്താം.

എത്തിപ്പിടിക്കാനും വെട്ടിയെടുക്കാനും തത്രപ്പെടുന്ന

ആധുനികതയിൽ ശാന്തതയുടെയും സമാധാനത്തിന്റെയും സന്ദേശമാണ് രക്ഷകന്റെ തിരുപ്പിറവി നൽകുന്നത്. ദൈവികതയോളം ഉയരാൻ സ്രഷ്ടാവ് നൽകിയ മാനുഷികതപോലും മറന്ന് വിലക്കപ്പെട്ടത് ആസ്വദിച്ചതിന്റെ നിമിഷം മുതൽ ദൈവം ഒരുക്കിയ വാഗ്ദാനമാണ് രക്ഷകൻ. നൂറ്റാണ്ടുകളുടെ കാത്തിരിപ്പിനു ദൈവമൊരുക്കിയ സമയമാണ് രക്ഷകന്റെ വരവ്. കാലഘട്ടത്തിന്റെ ഗതിവിഗതികളെപ്പോലും തിരിച്ചെഴുതാൻ പര്യാപ്തമായിരുന്ന തിരുപ്പിറവിയ്ക്കു മുന്നോടിയായ കടന്നുവരവിനു അവസരം നൽകപ്പെട്ടയാളാണ് സ്നാപകയോഹന്നാൻ. മാനുഷികപ്രയത്നങ്ങൾക്കും പരിമിതികൾക്കുമപ്പുറം ദൈവാശ്രയത്വം പ്രാർത്ഥനകൾക്കും നിയോഗങ്ങൾക്കും ഉത്തരമേകുന്ന വേളയായിരുന്നു സ്നപാകന്റെ ജനനം. ദൈവികവാഗ്ദാനങ്ങളുടെ വാഹകരാകാനുള്ള യോഗ്യത വെളിപാടുകളോടുള്ള വിശ്വാസപൂർവ്വകമായ സമർപ്പണമായിരിക്കണം. മാനുഷികമായ സ്വാഭാവികബുദ്ധിയിൽ നിന്നും ദൈവികതയുടെ ഭാവങ്ങളെ ചേർത്തുപിടിക്കാൻ നാം നടത്തുന്ന ഒരു എടുത്തുചാട്ടമാണ് പ്രാർത്ഥന. മാനുഷികതയിൽ അസാധ്യാമയതു ദൈവികതയിൽ സാധ്യമാക്കുന്ന ഈ സമർപ്പണമാണ് പ്രാർത്ഥന.

ഹൃദയാഭിലാഷങ്ങളെ ദൈവികസന്നിധിയിൽ സമർപ്പിക്കുമ്പോൾ മാനുഷികചിന്തകൾകൂടെയും ദൈവികപദ്ധതിയോടു ചേർത്തു സമർപ്പിക്കാൻ നമുക്കു പ്രചോദനമാവുകയാണ് സഖറിയാ പുരോഹിതന്റെ മൗനം. ധ്യാനാത്മകതയിലും മൗനത്തിലും ദൈവികതയെ ദർശിക്കാൻ ഹൃദയങ്ങളെ സജ്ജമാക്കിയ ഒരു ഋഷിപാരമ്പര്യം പേറുന്നവരാണ് നാം. ഹൃദയസ്വപ്നം പ്രാർത്ഥനയാക്കി സമർപ്പിക്കുന്നതിന് ദൈവമൊരുക്കിയ ഇടപെടലിനോട് സംശയിച്ചു നിൽക്കുന്നതിന് ലഭിച്ച കേവലമൊരു ശിക്ഷയേക്കാൾ ദൈവിക കൃപയെ തിരിച്ചറിയാനുള്ള സ്വസ്ഥമായ ധ്യാനാത്മകതയുടെ കാലഘട്ടമാണ് സഖറിയായുടെ മൗനം നമുക്കു നൽകുന്ന സന്ദേശം. ദൈവം വെളിപ്പെടുത്തുന്ന കാര്യങ്ങൾ അക്കാരണത്താൽതന്നെ വിശ്വാസയോഗ്യമാക്കാനുള്ള ആഹ്വാനമാണ് ഈ മൗനം. കേവലമായ മാനുഷികാഗ്രഹങ്ങളെ കൈപ്പിടിയിലാക്കാൻ പരിശ്രമിക്കുന്നവരാകാതെ ദൈവികപദ്ധതികളെ തിരിച്ചറിയാനും അവയെ സ്വന്തമാക്കാൻ പരിശ്രമിക്കുന്നവരുമാകാൻ ഈ ഇരുപത്തിയഞ്ചു നോമ്പ് കാലഘട്ടം നമുക്കും മൗനത്തിന്റെ ദിവസങ്ങളാക്കാൻ പരിശ്രമിക്കാം.



**വചനപാഠം :** "ദൂതൻ അവനോടു പറഞ്ഞു: സഖറിയാ ഭയപ്പെടേണ്ടാ. നിന്റെ പ്രാർഥന കേട്ടിരിക്കുന്നു." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ഈ ക്രിസ്തുമസ്ക്കാലം ധൂർത്ത് ഒഴിവാക്കി എങ്ങനെയാഘോഷിക്കാം എന്ന് കുടുംബാഗംങ്ങളുമായി ചർച്ചചെയ്ത് നടപ്പിലാക്കുക.

# മംഗലവാർത്താക്കാലം – ഒന്നാം ബുധൻ

**ഡിസംബർ – 02**

**വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 8:26–30**

എനിക്കു നിങ്ങളെക്കുറിച്ചു പലതും പറയാനും വിധിക്കാനുമുണ്ട്. എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെ അധരത്തിൽനിന്നു കേട്ടതു ഞാൻ ലോകത്തോടു പറയുന്നു. പിതാവിനെക്കുറിച്ചാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അവർ മനസ്സിലാക്കിയില്ല. അതുകൊണ്ട് യേശു പറഞ്ഞു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്. അവിടുന്ന് എന്നെ തനിയെ വിട്ടിരിക്കുകയല്ല. കാരണം, ഞാൻ എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു. ഇതു പറഞ്ഞപ്പോൾ വളരെപ്പേർ അവനിൽ വിശ്വസിച്ചു.

## വചനമനനം

അയക്കപ്പെട്ടവൻ അയച്ചവന്റെ ഇഷ്ടം പൂർത്തിയാക്കുകയാണ്. ഉത്തരവാദിത്വങ്ങൾ ഓർമ്മപ്പെടുത്തലായി മാറുമ്പോൾ പദചലനങ്ങൾ തീവ്രമാകും; മിഴികളിൽ പ്രകാശമേറും; വാക്കുകൾക്ക് കൃത്യതയേറും.

വ്യക്തിപരമായ സ്വാർത്ഥമോഹങ്ങൾക്കു പിന്നാലേ പോകാനല്ല; അയച്ചവന്റെ ദർശനങ്ങൾ ഹൃദയത്തിൽ അഗ്നിയാക്കി ലോകത്തിനു പകർന്നു നൽകാൻ രക്ഷകൻ ജാഗ്രത കാണിക്കുകയാണ്. അയ്ക്കപ്പെട്ടവൻ പൂർത്തീകരിക്കേണ്ടത് അയച്ചവന്റെ ഹിതമാണ്. വ്യകതമായ ബോധ്യവും പൂർണ്ണമായ സ്വാതന്ത്ര്യവും കൈവശം വച്ചു കൊണ്ടുതന്നെ ദൗത്യം പൂർത്തിയാക്കാനാണ് മിശിഹാ മനുഷ്യപുത്രനായി കടന്നു വന്നിരിക്കുന്നത്.

സഹനത്തിന്റെ യാഗവേദിയായ കുരിശിൽ ഉയർത്തപ്പെടുകയെന്നാൽ മഹത്വത്തിന്റെ വസ്ത്രമണിയുകയാണെന്നു ഈശോയ്ക്കു വ്യക്തമായിരുന്നു. സഹനവും കുരിശും മഹത്വത്തിന്റെ അടയാളങ്ങളായി മാറുകയാണ്. അതിൽ പ്രത്യാശയോടെ നോക്കുന്നവർ ജീവൻ കണ്ടെത്തുകയാണ്. ഉയർത്തപ്പെടലിന്റെ മഹത്വം ഗ്രഹിക്കാൻ കുരിശിന്റെ രക്ഷാകരത്വം ഹൃദയപൂർവ്വം സ്വന്തമാക്കണം. വി. ലെയോ ഇപ്രകാരം പഠിപ്പിക്കുന്നു: ''കർത്താവിന്റെ കുരിശ് എല്ലാ അനുഗ്രഹങ്ങളുടെയും ഉറവയാണ്. എല്ലാ വരങ്ങളുടെയും കാരണമാണ്. അതുവഴി വിശ്വാസികൾ ബലഹീനതയിൽ ശക്തിയും, ലജ്ജയിൽ മഹത്വവും, മരണത്തിൽ ജീവനും കണ്ടെത്തുന്നു." കുരിശിന്റെയും സഹനത്തിന്റെയും അർത്ഥം മനസ്സിലാക്കി വ്യക്തിജീവിതത്തിൽ അതിന് ഇടമൊരുക്കാൻ ക്രിസ്ത്യാനിക്ക് സാധിക്കുന്നത് മിശിഹാ ദർശനം സ്വന്തമാകുമ്പോഴാണ്. ലൗകികതയിൽ അർത്ഥശൂന്യമായ സഹനം ദൈവികതയിൽ അർത്ഥപൂർണമായി തീരുന്നത് ഈശോയെ സ്വന്തമാക്കാൻ കഴിയുമ്പോഴാണ്. വി. കോലെറ്റ് പ്രസ്താവിക്കുന്നു: "നിത്യസൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുന്ന ഒരു മാർഗ്ഗമുണ്ടെങ്കിൽ അതു ക്ഷമാപൂർവ്വകമായ സഹനമാണ്."

യോഹ. 3:17 ൽ താൻ അയക്കപ്പെടുന്നതിന്റെയും ഉയർത്തപ്പെടുന്നതിന്റെയും സത്ത വ്യക്തമാക്കുന്നുണ്ട്. "ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല; പ്രത്യുത അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്.'' ബെനഡിക്ട് 16-ാം മാർപ്പാപ്പ ഒരിക്കൽ ഇങ്ങനെ പ്രസ്താവിച്ചു: 'ഒരുവനിലുള്ള വിശ്വാസം യഥാർത്ഥമായതും ആത്മാർത്ഥമായതുമാണെങ്കിൽ അത് അവനെ സ്നേഹമാക്കി മാറ്റും." സ്നേഹപൂർണമായ സമർപ്പണം വഴി അയയ്ക്കപ്പെട്ടതിനു അർത്ഥം കണ്ടെത്തുകയാണ് ഈശോ. ഈ സമർപ്പണത്തിന്റെ അച്ചാരവും മുദ്രയുമായി മിശിഹാ പിതാവിനെത്തന്നെ ചൂണ്ടിക്കാണിക്കുമ്പോൾ



അനേകർ അവനെ വിശ്വസിക്കുകയാണ് എന്നു വചനം വ്യക്തമാക്കുന്നു. സ്രഷ്ടാവിന്റെ മുദ്രയിൽ ഉറപ്പിക്കപ്പെട്ട വാഗ്ദാനമായ മിശിഹായെ സ്വന്തമാക്കാൻ വിശ്വാസപൂർവ്വകമായ ഒരു വിധേയത്വവും സമർപ്പണവും നമ്മിൽനിന്നും ഈശോ ആവശ്യപ്പെടുകയാണ്. സമർപ്പണം സ്നേഹപൂർണ്ണമാക്കാൻ; അങ്ങനെ അത് രക്ഷയുടെ മുദ്രയാക്കിമാറ്റാൻ നമുക്കും ആത്മാർത്ഥമായി പരിശ്രമിക്കാം.

**വചനപാഠം :** "എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെ അധരത്തിൽനിന്നു കേട്ടതു ഞാൻ ലോകത്തോടു പറയുന്നു" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** എനിക്ക് കൂടുതൽ ഇഷ്ടമുള്ള ഒരു ഭക്ഷണസാധനം കുറച്ച് കഴിക്കുക. സാധിക്കുമെങ്കിൽ അത് കൂടുതൽ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

## മംഗലവാർത്താക്കാലം - ഒന്നാം വ്യാഴം

**ഡിസംബർ - 03**

### വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 6: 7-13**

അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച്, പഠിപ്പിച്ചുകൊണ്ടിരുന്നു. അവൻ തന്റെ പന്ത്രണ്ടുപേരെ അടുത്തു വിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി. അശുദ്ധാത്മാക്കളുടെമേൽ അവർക്ക് അധികാരവും കൊടുത്തു. അവൻ കൽപിച്ചു: യാത്രയ്ക്കു വടിയല്ലാതെ മറ്റൊന്നും - അപ്പമോ സഞ്ചിയോ അരപ്പട്ടയിൽ പണമോ - കരുതരുത്. ചെരിപ്പു ധരിക്കാം, രണ്ട് ഉടുപ്പുകൾ ധരിക്കരുത്; അവൻ തുടർന്നു: നിങ്ങൾ ഏതെങ്കിലും സ്ഥലത്ത് ഒരു വീട്ടിൽ പ്രവേശിച്ചാൽ, അവിടംവിട്ടു പോകുന്നതുവരെ ആ വീട്ടിൽ താമസിക്കുവിൻ. എവിടെയെങ്കിലും ജനങ്ങൾ നിങ്ങളെ സ്വീകരിക്കാതിരിക്കുകയോ നിങ്ങളുടെ വാക്കുകൾ ശ്രവിക്കാതിരിക്കുകയോ ചെയ്താൽ അവിടെനിന്നു പുറപ്പെടുമ്പോൾ അവർക്കു സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ. ശിഷ്യൻമാർ പുറപ്പെട്ട്, ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി.

## വചനമനനം

സാക്ഷ്യത്തിന്റെ വാതായനങ്ങൾ വിശാലമാകുമ്പോൾ തന്റെ ശിഷ്യന്മാർക്കു ഒരു മുന്നാസ്വാദനമൊരുക്കുകയാണ് തിരുനാഥൻ. അയ്ക്കപ്പെടുന്നതിന്റെ സത്ത സദ്വാർത്ത പങ്കുവയ്ക്കലും സാത്താന്റെ ശക്തികളെ നിഷ്പ്രഭമാക്കി കീഴ്പ്പെടുത്തുന്നതിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. സ്നാപകയോഹന്നാന്നിലൂടെ ഒരുക്കപ്പെട്ട പാതയിൽ ഈശോ പ്രഘോഷിച്ച മാനസാന്തരത്തിന്റെയും തിരിച്ചുവരവിന്റെയും സുവിശേഷം തന്നെയാണ് പന്ത്രണ്ട് ശിഷ്യന്മാരും പങ്കുവയ്ക്കാനായി നിയോഗിക്കപ്പെടുന്നത്. ആധികാരികമായ പ്രഘോഷണം അടയാളങ്ങൾവഴി സ്ഥിരീകരിക്കപ്പെടുന്നത് അയച്ചവന്റെയും അയയ്ക്കപ്പെടുന്നവന്റെയും അധികാരത്തെ വ്യക്തമാക്കുന്നു. സകലത്തിന്റെയും സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടി തന്നെയായ മനുഷ്യർക്ക്, അതും തിരഞ്ഞെടുക്കപ്പെട്ടവർക്ക്, ലോകത്തിന്റെയും ഒപ്പം നന്മയെ തകർക്കാൻ സദാ ജാഗ്രത കാണിക്കുന്ന സകല തിന്മകളുടെയും മേൽ അധികാരം നൽകുകയാണ്.

അനാദിയിലേ പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രന്റെ യാത്രയ്ക്ക് വ്യക്തമായൊരു ദർശനമുണ്ട്; ദിശാബോധമുണ്ട്; ആവിഷ്കരിക്കപ്പെടേണ്ടതായ മാർഗങ്ങളുണ്ട്. അതുകൊണ്ടുതന്നെ പുത്രനാൽ അയയ്ക്കപ്പെടുന്നവരുടെയും മാർഗങ്ങൾക്ക് വ്യക്തമായൊരു ദർശനം ലഭിക്കുകയാണ്. കൂട്ടായ്മയുടെ ഐക്യത്തിൽ യാത്രചെയ്യാനും ലഭിച്ചിരിക്കുന്ന അധികാരങ്ങളെപ്പറ്റി വ്യക്തമായ ബോധ്യം ഉള്ളിൽ സൂക്ഷിക്കാനും ഈശോ ശിഷ്യന്മാരെ സജ്ജരാക്കുന്നു. സദ്വാർത്തയുടെ സുവിശേഷം പങ്കുവയ്ക്കുന്നവർക്ക് ലൗകിക സമ്പത്ത് മൂലധനമാകേണ്ട അവസ്ഥ ആവശ്യകമല്ലെന്നും നൽകപ്പെടുന്നതു സ്വന്തമാക്കാനുള്ള ഹൃദയവിശാലത അനിവാര്യമാണെന്നും അർഹമായതു നിഷേധിക്കപ്പെടുമ്പോൾ മാനുഷികപ്രതികരണങ്ങൾക്കപ്പുറം ദൈവികസാക്ഷ്യത്തിന്റെ നീതിബോധം ഉചിതമായതു അനുവർത്തിക്കാനുതകുന്ന പ്രവൃത്തികളെ സ്വന്തമാക്കാനും ദൈവത്തിന്റെ വക്താക്കൾക്കു ലഭ്യമായിരിക്കുന്ന തിന്മയുടെ ശക്തിയ്ക്കുമേലുള്ള അധികാരത്തെക്കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച ഉള്ളവരാകാനും ഈശോ ശിഷ്യന്മാരെ ഒരുക്കി അയയ്ക്കുകയാണ്. അയയ്ക്കപ്പെട്ടവർ ഉത്തരവാദിത്വങ്ങൾ ഹൃദയപൂർവ്വം



അനുവർത്തിക്കുമ്പോൾ മാനുഷികശക്തിക്കു അപ്രാപ്യമായ ദൈവിക കരുത്തിന്റെ അടയാളങ്ങൾക്കൊണ്ട് വചനം സ്ഥിരീകരിക്കപ്പെടുന്നതിന് അവർ സാക്ഷികളാവുകയും ചെയ്യുന്നു.

ശിഷ്യന്മാരിലൂടെ മിശിഹാ തന്റെ ദൗത്യം തുടരുകയാണ്. ഇന്നും സഭയുടെ പ്രവൃത്തികളിൽ ഉത്ഥിതനാഥൻ സന്നിഹിതനായിരിക്കുന്നു. യുവാന്ത്യംവരെയും കൂടെയായിരുന്നുകൊണ്ട് അടയാളങ്ങളിലൂടെ അവിടുന്ന് പ്രഘോഷിക്കപ്പെടുന്ന നിത്യജീവന്റെ വചസ്സുകളെ സ്ഥിരീകരിക്കുകയാണ്. ഒപ്പം ഓരോ പ്രേഷിതനും സഭയോടു ചേർന്ന് മിശിഹായുടെ സുവിശേഷം മാത്രം പ്രഘോഷിക്കാനും ശ്രദ്ധിക്കണം. അടയാളങ്ങളും അത്ഭുതങ്ങളും തിന്മയുടെ മേലുള്ള ആധിപത്യവും ഉത്ഥിതന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങളാണെന്ന ബോധ്യം ഓരോ പ്രേഷിതനും സ്വന്തമാക്കണം. അതിനു വി. ഡോൺ ബോസ്കോ പറയുന്നു: "കാലുകൊണ്ട് ഭൂമിയിൽ നടക്കുക; ഹൃദയം കൊണ്ട് സ്വർഗ്ഗത്തിൽ ആയിരിക്കുക.' ഒരു നല്ല അയയ്ക്കപ്പെട്ടവന്റെ തീക്ഷ്ണതയോടെ വി. അഗസ്റ്റിൻ ഇങ്ങനെ കുറിയ്ക്കുന്നു. "എന്റെ രക്തം മുഴുവനും എണ്ണയായി മാറാനും ഞരമ്പു തിരിയായി തീരാനും അവ മുഴുവനും ദൈവമഹത്വത്തിനായി കത്തിജ്വലിക്കാനും ഞാനാഗ്രഹിക്കുന്നു."

**വചനപാഠം:** ''ശിഷ്യൻമാർ പുറപ്പെട്ട്, ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** തങ്ങളുടെ വീടുകളിൽ ഉള്ള കുഞ്ഞുപൈതങ്ങൾക്ക് അയയ്ക്കപ്പെട്ട നാഥനായ ഈശോ പ്രവർത്തിച്ച ഒരു അത്ഭുതം ആകർഷകമായ രീതിയിൽ പറഞ്ഞുകൊടുത്ത് അവരിൽ പ്രചോദനമുണർത്തുക.

## മംഗലവാർത്താക്കാലം - ഒന്നാം വെള്ളി

**ഡിസംബർ - 04**

**വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ**
**കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 13:12-17**

ഉള്ളവനുനൽകപ്പെടും. അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും. ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും. അതുകൊണ്ടാണ് ഞാൻ അവരോട് ഉപമകൾവഴി സംസാരിക്കുന്നത്. കാരണം, അവർ കണ്ടിട്ടും കാണുന്നില്ല, കേട്ടിട്ടും കേൾക്കുന്നില്ല, ഗ്രഹിക്കുന്നുമില്ല. ഏശയ്യായുടെ പ്രവചനം അവരിൽ പൂർത്തിയായിരിക്കുന്നു: നിങ്ങൾ തീർച്ചയായും കേൾക്കും, എന്നാൽ മനസ്സിലാക്കുകയില്ല; നിങ്ങൾ തീർച്ചയായും കാണും, എന്നാൽ ഗ്രഹിക്കുകയില്ല. അവർ കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു കേട്ട്, ഹൃദയംകൊണ്ടു മനസ്സിലാക്കി, മാനസാന്തരപ്പെടുകയും ഞാൻ അവരെ സുഖപ്പെടുത്തുകയും അസാധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു; ചെവിയുടെ കേൾവി മന്ദീഭവിച്ചിരിക്കുന്നു; കണ്ണ് അവർ അടച്ചുകളഞ്ഞിരിക്കുന്നു. നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കേൾക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകൻമാരും നീതിമാൻമാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചു, എങ്കിലും കേട്ടില്ല.

## വചനമനനം

വിശുദ്ധ രഹസ്യങ്ങളുടെ കാവൽക്കാരും കാര്യവാഹകരുമാകുന്നവർക്കു സംലഭ്യമായിരിക്കുന്ന ഭാഗ്യത്തെക്കുറിച്ച് ഈശോ വ്യക്തമാക്കുകയാണ്. അനുയാത്ര ചെയ്തവരെ ഈശോ ഉപമകളിലൂടെ സ്വർഗരാജ്യ രഹസ്യങ്ങൾ വ്യക്തമാക്കി പഠിപ്പിക്കുമ്പോൾ അതേപ്പറ്റി സംശയാലുക്കളാകുന്ന ശിഷ്യന്മാരോട് ഈശോ അവർക്കു ലഭിച്ചിരിക്കുന്ന ഭാഗ്യത്തെപ്പറ്റി പ്രതിപാദിക്കുകയാണ്. ഉപനയനം ചെയ്യുന്നവന് ഉപമകൾ ആവശ്യമില്ല; മറിച്ച് ഉദാത്തമായതു സ്വന്തമാക്കാൻ നാഥന്റെ കൂടെ വസിക്കാൻ ലഭിക്കുന്ന അവസരം ലോകത്തിലേറ്റവും ഭാഗ്യപൂർണ്ണമായതാണെന്നു ഈശോ വ്യക്തമാക്കുകയാണ്. ആരാധനാക്രമവത്സരത്തിലെ തന്നെ ആദ്യവെള്ളിയാഴ്ചയായ ഇന്നത്തെ ലേഖനവായനയിൽ കൊളോസോസിലെ സഭയ്ക്കെഴുതുമ്പോൾ പൗലോസ് ശ്ലീഹാ പ്രചോദിപ്പിക്കുന്നതുപോലെ ഉന്നതത്തിലുള്ളവയെ അന്വേഷിച്ചു കണ്ടെത്താൻ നമുക്കും തയ്യാറാകാം. അങ്ങനെ ഉന്നതമായതിനെ ദർശിക്കുന്നവന്റെ അതുല്യമായ അനുഗ്രഹമാണ് ഈശോ സുവിശേഷത്തിലൂടെയും പഠിപ്പിക്കുന്നത്.



ദൈവികമായതിന്റെ ദർശനം ഒരിക്കലും വ്യക്തിവൈശിഷ്ട്യം കൊണ്ടല്ല; എങ്കിലും ദൈവികമായതു ദർശിക്കാൻ അവസരം ലഭിക്കുന്നവന്റെ വൈശിഷ്ട്യം ഈശോ വരച്ചു കാണിക്കുകയാണ്. കൂടെ വസിച്ചു കൃപ സ്വന്തമാക്കിയവനാണ് ദൈവിക രഹസ്യങ്ങൾക്കു കാവലാളാകാൻ വേണ്ടി അവയുടെ ആഴം ഗ്രഹിക്കാൻ അവസരം സ്വന്തമാക്കുന്നത്. ഇത് തികച്ചും ദൈവികമായ തിരഞ്ഞെടുപ്പിന്റെ യോഗ്യതയാൽ നൽകപ്പെടുന്ന ദാനമാണ്. ദൈവിക രഹസ്യങ്ങൾക്കു സ്വീകർത്താക്കളാകാൻ തികച്ചും യാന്ത്രികമായ ഒരു സാമീപ്യം മാത്രം പോരായെന്നും മനസ്സൊരുക്കി വചനത്തെ ഉൾക്കൊള്ളാനുള്ള തുറവി സ്വന്തമാക്കണമെന്നും ഈശോ പഠിപ്പിക്കുകയാണ്. നിങ്ങൾ കേൾക്കും; എന്നാൽ മനസ്സിലാക്കുകയില്ലായെന്നും നിങ്ങൾ കാണും; എന്നാൽ ഗ്രഹിക്കുകയില്ലായെന്നും ഈശോ പ്രവാചകവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടു പഠിപ്പിക്കുമ്പോൾ സ്പഷ്ടമാക്കപ്പെടുന്നതും ഇതുതന്നെയാണ്.

നാഥന്റെ കൂടെയായിരിക്കാൻ, ദൈവികരഹസ്യങ്ങളെ ഉൾക്കൊണ്ട് അവയുടെ കാവൽക്കാരാകണമെങ്കിൽ ഹൃദയങ്ങളെ സജ്ജമാക്കാൻ കഴിയണം. ഇന്ദ്രിയങ്ങളെ വിട്ടുകൊടുക്കുന്ന കേവലം ഉദാസീനമായ ഒരു പ്രവൃത്തിക്കപ്പുറം ദൈവികരഹസ്യങ്ങൾ നമ്മുടെ ഭാഗമാക്കാൻ ഹൃദയങ്ങളെ ഒരുക്കുന്ന ക്രിയാത്മകമായ ഒരു പ്രവൃത്തി അനിവാര്യമായി മാറുകയാണ്. അതുകൊണ്ടു തന്നെയാണ് കൂടെ വസിച്ചിരിക്കുന്ന ശിഷ്യന്മാരെ ഭാഗ്യമുള്ളവരായി വിശേഷിപ്പിക്കുന്നത്. കാരണം പദചനങ്ങളെ പിന്തുടരുന്നവർക്ക് ഹൃദയത്തുടിപ്പുകളും സ്വന്തമാക്കാൻ കഴിയും. ഈശോയെ അനുയാത്ര ചെയ്തു അവിടുത്തെ ഹൃദയം സ്വന്തമാക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ് ശിഷ്യന്മാർ. ഈ ഭാഗ്യം അനേകർ ആഗ്രഹിച്ചുവെങ്കിലും സ്വായത്തമാക്കാൻ അവസരം സിദ്ധിച്ചത് തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമാണ്. പൂർവ്വ കാലങ്ങളിൽ പ്രവാചകന്മാരും നീതിമാന്മാരും ആഗ്രഹിച്ചവ ഇന്നു നമുക്ക് വചനത്തിലൂടെ സമീപസ്ഥമായിരിക്കുകയാണ്. ഈശോയുടെ ഹൃദയം സ്വന്തമാക്കാൻ നമുക്കും തിരുവചനത്തെ മുറുകെ പിടിക്കാം; അതുവഴി ശിഷ്യന്മാർക്കു സിദ്ധിച്ച ഭാഗ്യം നമുക്കും സ്വന്തമാക്കാം.

**വചനപാഠം** : ''നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കേൾക്കുന്നു" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** രണ്ട് മിനിറ്റ് കണ്ണടച്ചിരുന്ന് 'ഈശോ' എന്ന്മാത്രം മനസ്സിൽ ഉരുവിടുക.

## മംഗലവാർത്താക്കാലം - ഒന്നാം ശനി

**ഡിസംബർ - 05**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 9:57-62**

അവർ പോകുംവഴി ഒരുവൻ അവനോടു പറഞ്ഞു: നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കും. യേശു പറഞ്ഞു: കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല. അവൻ വേറൊരുവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക. അവൻ പറഞ്ഞു: കർത്താവേ, ഞാൻ ആദ്യം പോയി എന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിച്ചാലും. അവൻ പറഞ്ഞു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക. മറ്റൊരുവൻ പറഞ്ഞു: കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; പക്ഷേ, ആദ്യം പോയി എന്റെ വീട്ടുകാരോടു വിടവാങ്ങാൻ അനുവദിക്കണം. യേശു പറഞ്ഞു: കലപ്പയിൽ കൈ വച്ചിട്ടു പിന്തിരിഞ്ഞു നോക്കുന്നഒരുവനും സ്വർഗരാജ്യത്തിനു യോഗ്യനല്ല.

## വചനമനനം

ഈശോയുടെ ശിഷ്യത്വം സ്വന്തമാക്കുകയെന്നതു ജീവിതകാലം മുഴുവനും സമർപ്പിക്കുന്ന ഒന്നാണെന്നും ഇവിടെ വിട്ടുവീഴ്ചകൾക്കും ഒത്തുതീർപ്പു ശൈലികൾക്കും പ്രസക്തിയില്ലായെന്നും ഈശോ വ്യക്തമാക്കുകയാണ്. ശിഷ്യത്വം പൂർണമായും ദൈവികമായ



തിരഞ്ഞെടുപ്പാണ്. അതിനോട് പൂർണ്ണമായ വിധേയപ്പെടലാണ് മാനുഷികമായി നമ്മൾ ചെയ്യേണ്ടത്. ഈശോയുടെ ശിഷ്യനാവുകയെന്നതു ആവശ്യമുയർത്തി മനുഷ്യൻ സ്വന്തമാക്കുന്ന ഒന്നല്ല; മറിച്ച് അത് തികച്ചും ദൈവികമായ പ്രവൃത്തിയുടെ പ്രതിഫലനമാണ്. ആരും സ്വന്തം വ്യക്തിവൈശിഷ്ട്യം കൊണ്ടും പ്രതിഭകൊണ്ടും ദൈവത്തിന്റെ ശിഷ്യത്വം കൈവശപ്പെടുത്തുന്നില്ല. ദൈവികപദ്ധതിയിൽ ആർക്കുമാത്രമായി ഒരുക്കപ്പെടുന്നുവോ അവർക്കു മാത്രമായി സംലഭ്യമായിരിക്കുന്ന ദൈവികദാനമാണ് ശിഷ്യത്വം.

ദൈവിക തിരഞ്ഞെടുപ്പുകൾക്ക് അർഹത സ്വീകരിച്ചവരും സ്വന്തമാക്കേണ്ട ശൈലി ഈശോ ഈ വചനഭാഗത്തു വ്യക്തമാക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്നവനു മുമ്പിൽ കാലവിളംബത്തിനോ മാനുഷികമായ ഒഴികഴിവുകൾക്കോ പ്രസക്തിയില്ല. അവൻ പരിപൂർണതയിൽ തിരഞ്ഞെടുക്കപ്പെടുന്ന നിമിഷത്തിൽ തന്നെ പ്രത്യുത്തരം കൊടുക്കാൻ കടപ്പെട്ടവനായി മാറുകയാണ്. ഈശോയുടെ ശിഷ്യനായിത്തീരുന്നവന്റെ മൗലികമായ കർത്തവ്യം ദൈവരാജ്യപ്രഘോഷണമാണ്; മരിച്ചവരെ സംസ്കരിക്കുന്ന കാരുണ്യപ്രവൃത്തികൾക്കപ്പുറം തന്റെ കഴിവിന്റെ പൂർണതയിൽ ദൈവരാജ്യത്തെക്കുറിച്ച് പ്രഘോഷിക്കാൻ ഈശോ ശിഷ്യനെ സ്വന്തമാക്കുകയാണ്. യാത്ര ചോദിക്കാനും അനുമോദനങ്ങൾ സ്വീകരിക്കാനും ഇടമൊരുക്കാതെ ശിഷ്യൻ ഗുരുവിനെ അനുയാത്ര ചെയ്യാൻ ആവശ്യപ്പെടുന്നതും ശിഷ്യത്വം പൂർണമായ സമർപ്പണം അനിവാര്യമാക്കുന്നതുകൊണ്ടുതന്നെയാണ്. ഒപ്പം മാനുഷികമായ യോഗ്യതകളുടെ തിരഞ്ഞെടുപ്പല്ലാത്തതിനാൽ ദൈവിക ലക്ഷ്യങ്ങളോട് സമ്പൂർണ്ണമായ സമരപ്പെടൽ ആവശ്യമായി മാറുന്നുവെന്നും ഇതു വ്യക്തമാക്കുകയാണ്.

ശിഷ്യത്വം സ്വന്തമാക്കുന്നവനും ഒരു മാനസാന്തര അനുഭവം സ്വീകരിക്കണം. 'മെറ്റനോയിക' മനോഭാവം സ്വീകരിച്ചാൽ അതുവരെയും പിന്തുടർന്ന പാത വെടിയണം. ആയിരുന്ന അവസ്ഥകളിലേയ്ക്കു പിന്തിരിയാതെ പുതിയവ സ്വന്തമാക്കാനും സ്വന്തമാക്കിയവന്റെ മാത്രം സ്വന്തമാകാനും പരിശ്രമിക്കുമ്പോഴാണ് ശിഷ്യത്വം പൂർണ്ണത പ്രാപിക്കുന്നത്. വചനം പ്രഘോഷിക്കുവാൻ വചനം ജീവിക്കേണ്ടതും ഇവിടെ പ്രസക്തമാണ്. വചനം തന്നെയായ ഈശോ പഠിപ്പിച്ച ദൈവരാജ്യ പ്രഘോഷണം തന്നെയാണ് മിശിഹാ ശിഷ്യനും അനുവർത്തിക്കേണ്ടത്. വചനം ജീവിക്കുന്നവർക്കു മാത്രമേ അത് പ്രഘോഷിക്കാനും അവകാശമുള്ളൂ. അതുകൊണ്ടാണ് പിന്തിരിഞ്ഞു

നോക്കാതെ പിടച്ച കലപ്പയെ ആത്മാർത്ഥമായി ചേർത്തു പിടിക്കാനും ധൈര്യപൂർവ്വം മുന്നോട്ട് ദൗത്യവുമായി പോകാനും ഈശോ ആവശ്യപ്പെടുന്നത്. ദൈവിക പദ്ധതിയോട് ത്യാഗപൂർണ്ണവും സമ്പൂർണ്ണവുമായ സമരസപ്പെടൽ ശിഷ്യത്വം ആവശ്യപ്പെടുകയാണ്. മാനുഷികമായ ചിന്താശൈലികളും തിരഞ്ഞെടുപ്പുകളും മാറ്റിവച്ച് ദൈവികമായ പദ്ധതികളോട് പൂർണ്ണമായി കീഴ്വഴങ്ങി ജീവിക്കാൻ, ശിഷ്യത്വം സ്വന്തമാക്കാൻ, നമുക്കും ആത്മാർത്ഥമായി പരിശ്രമിക്കാം.

**വചനപാഠം :** "യേശു പറഞ്ഞു: കലപ്പയിൽ കൈ വച്ചിട്ടു പിന്തിരിഞ്ഞു നോക്കുന്നഒരുവനും സ്വർഗരാജ്യത്തിനു യോഗ്യനല്ല." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ഈശോ ശിഷ്യനെന്ന നിലയിൽ, ദൈവികതയോട് ഒട്ടും ചേരാത്തതും, എന്നാൽ മാനുഷികമായി ഞാൻ ഒരുപാട് ആഗ്രഹിക്കുന്നതുമായ ഒരു കാര്യം വേണ്ടായെന്നു വയ്ക്കാൻ ഇന്നത്തെ ദിവസം പരിശ്രമിക്കാം.

## മംഗലവാർത്താക്കാലം - രണ്ടാം ഞായർ

**ഡിസംബർ - 06**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:26-38**

ആറാംമാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസറത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നുപേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക്, ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു. ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ! ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി; എന്താണ് ഈ അഭിവാദനത്തിന്റെ അർഥം എന്ന് അവൾ ചിന്തിച്ചു. ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ



കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിൻമേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല. മറിയം ദൂതനോടു പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ. ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ഇതാ, നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു.

## വചനമനനം

വാഗ്ദാനം ചെയ്യപ്പെട്ട വചനത്തിനു ദാസിയാകാൻ ഹൃദയമൊരുക്കിയവൾ അവതരിച്ച വചനത്തിന്റെ അമ്മയായിത്തീരുന്ന രക്ഷാകര സംഭവത്തെ നമ്മൾ ഇന്നു ധ്യാനവിഷയമാക്കുകയാണ്. ദൈവവും മനുഷ്യനും ഒരുമിച്ചു നിന്നു രക്ഷ സാധ്യമാണെന്നു പ്രഖ്യാപിച്ച പുതിയ ഉടമ്പടിയുടെ ദിവസമാണിത്. ദൈവഹിതമുൾക്കൊണ്ട് അതിനോട് ആമ്മേൻ പറയാൻ മനുഷ്യനു കഴിയുമെന്നു ലോകത്തിനു വ്യക്തമായ ദിവസവുമാണിത്. മനുഷ്യനായി മണ്ണിൽ അവതരിച്ചു മാനവരക്ഷ സാധ്യമാക്കാനുള്ള ദൈവിക പദ്ധതി പ്രാവർത്തികമാക്കാൻ എളിയവളും കന്യകയുമായിരുന്ന ഒരു പെൺകുട്ടിയുടെ സമർപ്പണം കൊണ്ടും സാധ്യമാകുമെന്ന് ഇവിടെ വ്യക്തമാക്കപ്പെടുകയാണ്. ദൈവിക പദ്ധതിയോട് മാനുഷികസഹകരണം ഒന്നിച്ചു ചേരുമ്പോഴാണ് രക്ഷ സാധിതമാകുന്നതെന്ന് ഇന്നത്തെ വചനവിചിന്തനം നമ്മെ പ്രബോധിപ്പിക്കുന്നു.

ദൈവഹിതത്തോട് ചേർന്നു നിൽക്കാൻ സ്വയം സമർപ്പിച്ചവളെ ദൈവം തന്റെ പുത്രന്റെ അമ്മയാകാനുള്ള വിളി നൽകിക്കൊണ്ട് കൃപയാൽ നിറയ്ക്കുകയാണ്. (മതബോധനഗ്രന്ഥം 490-493). അങ്ങനെ ദൈവകൃപ നിറഞ്ഞ പരിശുദ്ധ കന്യകയോട് ദൂതൻ ആഹ്വാനം ചെയ്യുന്ന 'ആഹ്ലാദം' പഴയ നിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായി മനസ്സിലാക്കണം. പഴയനിയമത്തിന്റെ ആശംസാപദം 'സമാധാനം' (ശാലോം) ആയിരുന്നുവെങ്കിൽ ദൂതന്റെ ആശംസ 'ആനന്ദിക്കുക'

(കായിറേ) എന്നായിത്തീരുമ്പോൾ ഈ സദ്വാർത്ത യഹൂദർക്കു മാത്രമല്ല സർവ്വജനതയ്ക്കും വേണ്ടിയാണെന്നു ബനഡിക്ട് 16-ാം മാർപ്പാപ്പ വ്യാഖ്യാനിച്ചുനൽകുന്നു. കൃപനിറഞ്ഞ് ആനന്ദിക്കാൻ സാധിക്കുന്നവരുടെയൊപ്പം കർത്താവുണ്ട് എന്നൊരു വസ്തുതകൂടി ദൂതന്റെ അഭിസംബോധന വ്യക്തമാക്കുന്നു. ദൈവഹിതം നമ്മുടെ മുമ്പിലും അനാവൃതമാകുമ്പോൾ അതിന്റെ അർത്ഥമറിയാൻ കഴിയാതെ അസ്വസ്ഥരാകുമ്പോഴാണ് ദൈവിക ദൂതുകൾ കൂടുതലായി ലഭിക്കുന്നത്. പരിശുദ്ധ കന്യക അർത്ഥമറിയാത്തവയെപ്പറ്റി അസ്വസ്ഥതയോടെ ആലോചിക്കുമ്പോൾ അവയ്ക്കു മറുപടി ദൂതനിലൂടെ നൽകപ്പെടുകയാണ്. അർത്ഥമറിയാത്തതിന്റെ അസ്വസ്ഥതയിൽ മറിയം ആലോചിക്കവേ ദുതന്റെ വെളിപാട് ഉത്തരമായി മാറുമ്പോൾ ധൈര്യപൂർവ്വം കന്യക കൊടുക്കുന്ന ഉത്തരം തിരുപ്പിറവിയുടെ അച്ചാരമായിത്തീരുകയാണ്; "ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ". ഇവിടെ ആദിമാതാവിന്റെ അനുസരണക്കേടിൽ സംജാതമായ പാപവും ശിക്ഷയും പരിശുദ്ധ കന്യകാമാതാവിലൂടെ അനുസരണത്തിന്റെ ഫലമായ രക്ഷ പിറവിയെടുക്കുകയാണ്. വചനം കേട്ട് അതനുസരിച്ചു ദൈവഹിതം പൂർത്തിയാക്കാൻ എളിമ കാണിച്ച മറിയത്തെപ്പറ്റി സഭാപിതാക്കന്മാർ പറയുന്നു: "കേൾവിയിലൂടെ ഗർഭം ധരിച്ചവളാണ് പരിശുദ്ധ അമ്മ.'' ദൈവഹിതത്തോട് അനുസരണമുള്ളവരാകാനും ദൈവികദൂതുകൾ ഹൃദയത്തിലേറ്റുവാങ്ങാനും നമുക്ക് ഒരുക്കമുള്ളവരാകാം. ലോകത്തിന്റെ കാഴ്ചപ്പാടിൽ എളിയവളായിരുന്നിട്ടും മറിയത്തെ ദൈവമാതാവാക്കിയതു സമർപ്പണമായിരുന്നതുപോലെ ദൈവഹിതത്തിനു സ്വയം വിട്ടുകൊടുക്കാനുള്ള എളിമ നമുക്കും സ്വന്തമാക്കാം; അങ്ങനെ ഈ ആധുനികലോകത്തിൽ രക്ഷകന്റെ തിരുപ്പിറവി ഇടങ്ങളൊരുക്കാൻ നമുക്കും കർമോത്സുകരാകാം.

**വചനപാഠം:** മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** നമ്മുടെ ഭവനങ്ങളിൽ മക്കളില്ലാതെ വിഷമിക്കുന്ന ദമ്പതിമാരെ സമർപ്പിച്ചു ഇന്നത്തെ ദിവസം പ്രത്യേകമായി പ്രാർത്ഥിക്കാം.

## മംഗലവാർത്താക്കാലം - രണ്ടാം തിങ്കൾ



**ഡിസംബർ - 07**

**വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 14:11-14**

ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന് ഞാൻ പറയുന്നതു വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾമൂലം വിശ്വസിക്കുവിൻ. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും.

## വചനമനനം

വിശ്വാസത്തിന്റെ തലത്തിലുളവാകുന്ന ദൈവവുമായുള്ള ഐക്യത്തിന്റെ ബന്ധത്തിൽ മനുഷ്യർക്കു സംലഭ്യമാകുന്ന കൃപയെക്കുറിച്ച് വ്യക്തമാക്കുകയാണ് ഇന്നത്തെ വചനവിചിന്തനം. വിശ്വാസം, പരസ്പരം ഒന്നാകുന്ന ഒരു പ്രവർത്തിയുടെ തലത്തിലേയ്ക്ക് എത്തുന്നതിനു നാഥൻ നമ്മെ പ്രചോദിപ്പിക്കുകയാണ്. കൂട്ടായ്മയുടെ ഐക്യത്തിൽ രൂപപ്പെട്ടു വളർന്നുവരുന്ന ഒരു ക്രിസ്തീയ ജീവിത പൂർണ്ണതയിലേയ്ക്കു ഈശോ നമ്മെ ക്ഷണിക്കുകയാണ്. ആധുനികതയ്ക്കു പലപ്പോഴും നഷ്ടപ്പെട്ടുപോകുന്ന ഒരു പുണ്യമാണ് പരസ്പരസ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഇഴയടുപ്പങ്ങൾ. സ്വാർത്ഥതയുടെ തുരുത്തുകളിൽ ഒറ്റയ്ക്കു വസിക്കുന്നവർക്കു സുവിശേഷത്തിന്റെ സന്ദേശം ഗ്രഹിക്കാനും ജീവിക്കാനുമാകില്ലായെന്നു ഈശോ വ്യക്തമാക്കുകയാണ്. സാമൂഹികതയുടെ മാനങ്ങൾ തേടുന്ന മനുഷ്യൻ സഹോദരന്റെ ഹൃദയത്തുടിപ്പുകളെ സ്വന്തമാക്കാൻ ഈശോ ആഗ്രഹിക്കുന്നു. ഹൃദയത്തിന്റെ ഐക്യത്തിൽ സത്പ്രവൃത്തികൾ അനുഷ്ഠിക്കാൻ ഈശോ പഠിപ്പിക്കുമ്പോൾ മാതൃകയായി പങ്കുവയ്ക്കുന്നത് പിതാവുമായി തനിക്കുള്ള ഹൃദയബന്ധമാണ്.

വിശ്വാസ്യത നഷ്ടപ്പെട്ടു പോകുന്നവർക്കിടയിൽ ഈശോ തന്റെ

വാക്കുകളും പ്രവൃത്തിയും വിശ്വസനീയതയ്ക്കു നിദർശനങ്ങളായി പകർന്നുനൽകുകയാണ്. പറയുന്ന വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം ഈശോ ഐക്യത്തിന്റെ സാക്ഷ്യമായി പകർന്നുനൽകുകയാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധം വാക്കുകൾക്കും പ്രവൃത്തികൾക്കുമപ്പുറം സത്തയിൽ ഏകത്വമായിരുന്നു എന്ന് നാം തന്നെ ദിവസവും ഏറ്റുപറയുന്ന വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതിഫലനമായ ഈ ഏകസത്തയെ ഗ്രഹിക്കാൻ, വിശ്വാസപൂർവ്വകമായ ഒരു സമർപ്പണമാണ് ഈശോ നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്. ദൈവിക ഐക്യത്തെ വിശ്വാസപൂർവ്വകമായി ധ്യാനിച്ചു സ്വന്തമാക്കുന്നവർക്കു ഈശോ ചെയ്യുന്ന പ്രവൃത്തികൾകൂടെയും അനുവർത്തിക്കാൻ അവിടുന്നു അധികാരം കൈമാറുകയാണ്.

വിശ്വാസം പകർന്നു നൽകുന്ന അനിതരസാധാരണമായ സിദ്ധികളെയും ഈശോ ഇവിടെ വ്യക്തമാക്കുന്നു. വചനം പ്രഘോഷിച്ച നാഥൻ അടയാളങ്ങൾ വഴി അവ സ്ഥിരീകരിച്ചു എങ്കിൽ വിശ്വസിച്ചു പ്രാർത്ഥിക്കുന്ന ഏവർക്കും ഇവ സാധ്യമാണെന്നു ഈശോ പഠിപ്പിക്കുകയാണ്. വാഗ്ദാന പൂർത്തീകരണമായ അവതരിച്ച വചനം തന്റെ ദൗത്യം പൂർത്തിയാക്കി പിതാവുമായുള്ള ഏകത്വത്തിലേയ്ക്കു മടങ്ങുന്നതിനാൽ വിശ്വസിച്ചു ഏറ്റുപറയുന്നവന്റെ പ്രവൃത്തികൾ ഉപരി തീക്ഷ്ണമായിരിക്കുമെന്നു കൂടി ഈശോ കൂട്ടിച്ചേർക്കുകയാണ്. "നാം വിളിച്ചപേക്ഷിക്കുമ്പോൾ ദൈവം ഇത്രമാത്രം സമീപസ്ഥമായിരിക്കുന്ന വേറെ ഏതു ശ്രേഷ്ഠജനതയാണുള്ളത്" എന്ന പ്രവാചകമൊഴികൾ തന്നെ ഈശോയും ആവർത്തിക്കുന്നു. വിശുദ്ധ ആഗസ്തീനോസ് പ്രസ്താവിക്കുന്നു: "ദൈവമേ നീയെന്നെ നിനക്കായ് സൃഷ്ടിച്ചു; നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു." ആത്മാവിന്റെ അസ്വസ്ഥതയിൽ വിശ്വാസപൂർവ്വം നമുക്കും ഐക്യത്തിന്റെ നാഥന്റെ കൂടെയായിരിക്കാൻ പരിശ്രമിക്കാം. ജീവിത വഴിത്താരകളിൽ ദൈവികബന്ധത്തെ ആധാരമാക്കി സഹോദരസ്നേഹം പങ്കുവയ്ക്കാനും ദൈവികനന്മകളെ ആവർത്തിക്കാനും നമുക്ക് ബന്ധശ്രദ്ധരാകാം.

**വചനപാഠം:** "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും" (ചൊല്ലിക്കൊടുക്കുക).



**സത്കൃത്യം :** ഇന്നത്തെ ദിവസം ഭക്ഷണമില്ലാതെ വിഷമിക്കുന്ന ഒരാളെ കണ്ടെത്തി ദൈവസ്നേഹത്തിന്റെ പ്രതിഫലനമെന്ന നിലയിൽ അവർക്കുവേണ്ട ആഹാരം സ്നേഹപൂർവ്വം നൽകുക.

## മംഗലവാർത്താക്കാലം - രണ്ടാം ചൊവ്വ

### ഡിസംബർ - 08

### പരിശുദ്ധ കന്യകാ മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ

### വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 1:46-55**

മറിയം പറഞ്ഞു : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെ നാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു; എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി; സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു. തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. നമ്മുടെ പിതാക്കൻമാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചുതന്നെ.

## വചനമനനം

ഹൃദയം പുൽക്കൂടാക്കാൻ സഭാതനയരെ മുഴുവൻ ക്ഷണിച്ചുകൊണ്ട് തന്റെ കളങ്കമേശാത്ത ഉദരം, ദൈവകുമാരന് അഭയമേകാൻ രക്ഷാഗേഹമാക്കിയൊരുക്കിയ പരിശുദ്ധ കന്യകാമാതാവിന്റെ അമലോത്ഭവത്തിരുനാൾ സഭയിൽ ഇന്ന് ആഘോഷിക്കുകയാണ്. സുന്ദരമായതിനെയൊക്കെയും സ്വന്തമാക്കാൻ സ്വാർത്ഥതയോടെ അഭിലഷിക്കുന്ന മനുഷ്യമനസ്സുകൾക്കു മുമ്പിൽ ആന്തരീക സൗന്ദര്യമാണ് അഭിലഷണീയം എന്ന് അമലമനോഹരിയായ അമ്മ ജീവിത മാതൃകയിലൂടെ പഠിപ്പിക്കുകയാണ്. ദൈവിക തിരഞ്ഞെടുപ്പിനാൽ ഉത്ഭവത്തിലെ കളങ്കമില്ലാത്തവളായി മാറിയവൾ, ആ തിരഞ്ഞെടുപ്പിനോട് ചേർത്തുവച്ച് സ്വന്തം ജീവിതം സമർപ്പിക്കുകയാണ്. ആയിരിക്കുന്ന അവസ്ഥയെ ഹൃദയത്തിന്റെ നിറവിൽ എളിമയോടെ ഉൾക്കൊണ്ട് ദൈവഹിതത്തിന് സ്വയം സമർപ്പിക്കുമ്പോളാണ് അമ്മയുടെ ജീവിതം അനുഗ്രഹമായി മാറുന്നത്. അമാനുഷിക സിദ്ധികൾ അണിയിച്ചൊരുക്കി അവതാരം ചെയ്യപ്പെട്ടവളായിരുന്നില്ല; മറിച്ച് ദാസിയോളം താഴ്മയുള്ളവളായിരുന്നുകൊണ്ട് ശക്തനായവനു വലിയ കാര്യങ്ങൾ പ്രവർത്തിക്കാൻ ഇടമൊരുക്കിയ വ്യക്തിത്വമായിരുന്നു മറിയം.

ദൈവികതയുടെ പരിശുദ്ധ ഭാവങ്ങൾക്കു മുമ്പിലും കാവ്യാത്മകതയുടെ ഹൃദയതാളങ്ങൾക്ക് അർത്ഥമുണ്ടെന്നു പരിശുദ്ധ കന്യക തന്റെ സ്തോത്രഗീതത്തിലൂടെ വ്യക്തമാക്കുകയാണ്. സാധാരണ പെൺകുട്ടിയായിരുന്നവൾ ദൈവമാതൃത്വം സ്വീകരിക്കുമ്പോൾ സ്വന്തമാക്കുന്ന ക്രിയാത്മകതയും സമർപ്പിത മനോഭാവവും ഒരുപോലെ ഈ പ്രകീർത്തനത്തിൽ വ്യക്തമാക്കുകയാണ്. മഹത്തായ കാര്യങ്ങൾ ദൈവത്തിന്റെ കരുണയാൽ തന്റെ ദാസ്യാത്മക ജീവിതത്തിൽ പൂർത്തീകരിക്കപ്പെടുമ്പോൾ മറിയം അതിൽ ഹൃദയപൂർവ്വം ദൈവസ്തുതികൾ ഉയർത്തുകയാണ്. മഹത്വം അർപ്പിക്കാൻ തക്കതായ കാര്യങ്ങൾ തന്റെ എളിയ ജീവിതത്തിൽ നിവൃത്തിയാക്കിയ ദൈവത്തെ സ്തുതിക്കാനും രക്ഷകനിൽ ആനന്ദിക്കാനും തക്കവിധം കന്യക ക്രിയാത്മകമായി മംഗളവാർത്തയോട് പ്രതികരിക്കുകയാണ്. പരിശുദ്ധന്റെ പദ്ധതികൾക്കു തന്നെത്തന്നെ വിധേയപ്പെടുത്തുമ്പോൾ തലമുറകൾക്കപ്പുറത്ത് സംലഭ്യമാകുന്ന ഭാഗ്യവതിയുടെ



പ്രകീർത്തനങ്ങൾ പരിശുദ്ധ കന്യക തിരിച്ചറിയുകയായിരുന്നു. മാനുഷിക സിദ്ധികൾക്കപ്പുറം ദൈവഹിതത്തിന് പ്രവർത്തിക്കാനൊരിടം ഉണ്ടെന്നും പരിശുദ്ധ അമ്മ തന്റെ പ്രകീർത്തനത്തിലൂടെ വ്യക്തമാക്കുകയാണ്. മാനുഷിക ശക്തികളും സിദ്ധികളുമല്ല ദൈവിക തിരഞ്ഞെടുപ്പാണ് ഉയർച്ചകൾക്കിടയാക്കുന്നതെന്ന് ഒരു പ്രവാചകയെപ്പോലെ കന്യക ഉദ്ഘോഷിക്കുന്നു. യഹൂദ ചിന്തകൾക്ക് മറിയം കേവലം കന്യകയും പെൺകുട്ടിയുമായിരുന്നിട്ടും അവൾ ദൈവിക വാഗ്ദാനങ്ങളെ ഹൃദ്യസ്ഥമാക്കിയിരുന്നുവെന്നും ഈ പ്രകീർത്തനഭാഗം വ്യക്തമാക്കുകയാണ്. പിതാക്കന്മാർക്കു ദൈവം കൊടുത്ത വാഗ്ദാനമാണ് തന്നിൽ പൂർത്തിയാകുന്നതെന്ന് മറിയം തിരിച്ചറിയുകയാണ്. കേവലമായ മാനുഷിക പരിഗണനകൾക്കും വിധിതീർപ്പുകൾക്കുമപ്പുറം ദൈവഹിതത്തിന് പ്രവർത്തിക്കാനൊരിടം ഉണ്ടെന്ന് ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുകയാണ്. നമുക്കും പരിശുദ്ധ കന്യകയെപ്പോലെ ദൈവഹിതത്തിനു ദാസൻമാരും ദാസികളുമാകാൻ സ്വയം സമർപ്പിക്കാം. ദൈവിക വാഗ്ദാനങ്ങൾക്കു നാമും പാത്രമായിത്തീരുമ്പോൾ ഔന്നത്യമുപേക്ഷിക്കാനും എളിമയുടെ ജീവിത മാതൃകകൾ സ്വീകരിക്കാനും നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

**വചനപാഠം:** "ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെനാമം പരിശുദ്ധമാണ്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** നമ്മുടെ ജീവിതത്തിൽ നമ്മുടെ യോഗ്യതകൾക്കുപരിയായി ദൈവം നൽകിയ നന്മകളെ കണ്ടെത്തി സ്തുതിക്കാൻ ഈ ദിവസം മാറ്റിവയ്ക്കാം.

## മംഗലവാർത്താക്കാലം - രണ്ടാം ബുധൻ

**ഡിസംബർ - 09**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:34-38**

മറിയം ദൂതനോടു പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും? ഞാൻ

പുരുഷനെ അറിയുന്നില്ലല്ലോ. ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ഇതാ, നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു.

## വചനമനനം

അറിയിക്കപ്പെട്ട ദൈവവചനം ഗ്രഹിക്കാനാകുന്നില്ലായെങ്കിലും ഹൃദയത്തിൽ അതു സ്വീകരിച്ച് മനനം ചെയ്യുന്ന മറിയത്തെ നാം കണ്ടെത്തുകയാണ്. തിരുവചനം ഹൃദയത്തിൽ ഉൾക്കൊണ്ടു ധ്യാനാത്മകമായി ജീവിക്കുന്ന സഭയോട് ചേർത്തുവച്ചു പരിശുദ്ധ മാതാവിനെ മനസ്സിലാക്കാൻ നമുക്കു കഴിയും. സഖറിയദൂതൻ വെളിപ്പെടുത്തിയ ദൈവഹിതത്തെ സംശയിക്കുമ്പോൾ മറിയം അതു നിരാകരിക്കുകയോ സംശയിക്കുകയോ ചോദ്യം ചെയ്യുകയോ അല്ല; മറിച്ച് വെളിപാട് എങ്ങനെ നിറവേറ്റപ്പെടുമെന്ന് അന്വേഷണം നടത്തുകയാണ്. മാതാവിന്റെ അന്വേഷണം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ വെളിപ്പെടുത്തുകയാണ്. 'പരിശുദ്ധാത്മാവ്', 'അത്യുന്നതന്റെ ശക്തി' എന്നിവയെല്ലാം ദൈവാത്മാവിനെ വ്യക്തമാക്കുന്നു. ഉത്പത്തിയിലെ സൃഷ്ടികർമ്മത്തിൽ വെള്ളത്തിനു മീതേ ചലിച്ചിരുന്ന അതേ ശക്തി തന്നെയാണ് ഇവിടെയും പ്രവൃത്തിക്കുക. ദൈവാത്മാവിന്റെ പ്രവർത്തനമായിരുന്നു സൃഷ്ടിയെങ്കിൽ പുനഃസൃഷ്ടിയായ രക്ഷണീയ കൃത്യത്തിലും പ്രവൃത്തിക്കുന്നത് ഇതേ പരിശുദ്ധാത്മാവ് തന്നെയാണ്. അതുവഴി സൃഷ്ടിയുടെ പൂർത്തീകരണമായി പുനഃസൃഷ്ടി നിലനിൽക്കുകയാണ്. ദൈവത്തിന്റെ ശക്തി പരിശുദ്ധ കന്യകയിൽ ആവസിക്കുന്നതിലൂടെ, ഇസ്രയേലിനു കാനാൻ യാത്രയിൽ കൂടാരത്തിനു മുകളിൽ ആവസിച്ചിരുന്ന ആവരണത്തെ വ്യക്തമാക്കിക്കൊണ്ട് പരിശുദ്ധ കന്യക, ദൈവത്തിന്റെ ജീവനുള്ള കൂടാരമായി മാറുകയാണ്. മനുഷ്യനോടൊത്തു വസിക്കാൻ ദൈവം പുതിയ ഭാവത്തിൽ മറിയത്തെ തന്റെ വാസസ്ഥാനമായി മാറ്റിയെടുക്കുകയാണ്. അങ്ങനെ പരിശുദ്ധ അമ്മ പുതിയ കൂടാരവും ദൈവത്തിന്റെ ആലയവുമായി മാറ്റപ്പെടുകയാണ്.



ദൈവജനത്തിനു ദൈവസാന്നിധ്യാനുഭവത്തിന്റെ രക്ഷാകേന്ദ്രമായി കന്യക രൂപപ്പെടുന്നു. ദൈവഹിതത്തിനു ദാസിയാകാൻ എളിയവളായിരുന്നുകൊണ്ട് സ്വയം സമർപ്പിച്ച കന്യക പുത്രനായ ദൈവത്തെ മകനെന്നു വിളിക്കാൻ യോഗ്യയായിത്തീരുകയാണ്. ദൈവത്തിനു എല്ലാം സാധ്യമാണെന്ന ബോധ്യത്തിൽ നിന്നുകൊണ്ടാണ് മറിയം ദൈവഹിതത്തിനു സ്വയം സമർപ്പിക്കുന്നത്. വിശ്വാസവീഥികളിൽ, സഹനത്തിന്റെയും പ്രലോഭനത്തിന്റെയും വേളകളിൽ ദൈവത്തിനു എല്ലാം സാധ്യമാണെന്ന ബോധ്യം അകതാരിൽ ഉറപ്പിക്കപ്പെടുമ്പോൾ ഇടറിപോകാതിരിക്കാൻ അതു നമ്മെ സഹായിക്കും.

പരിശുദ്ധ കന്യകയുടെ ത്യാഗപൂർണ്ണമായ സമർപ്പണം മാനവകുലത്തെ പാപത്തിന്റെ ബന്ധനത്തിൽ നിന്നും വിമോചിപ്പിക്കുന്ന വാതിലായിമാറുകയാണ്. ആദിമാതാവായ ഹവ്വ ദൈവത്തിന്റെ വാക്കു മറന്നു തിന്മയുടെ വാക്കു വിശ്വസിച്ചുവെങ്കിൽ മറിയം ദൈവത്തിന്റെ വാക്കുകളെ ഹൃദയപൂർവ്വം ഏറ്റെടുത്ത് സകല ജനപദങ്ങൾക്കും രക്ഷയ്ക്കു കാരണമായിത്തീർന്നു. വിശ്വാസ ജീവിതം പരിശുദ്ധ കന്യക നടത്തിയതുപോലെ ഒരു സമർപ്പണമാണ്. ദൈവഹിതത്തിനു പൂർണമായി സമർപ്പിക്കുന്നവർക്ക് അത്ഭുതങ്ങൾ പ്രവൃത്തിക്കാൻ സാധിക്കുന്നു. പ്രതിസന്ധികൾ ഏറെയുണ്ടാവാം; യഹൂദനിയമം, പെൺകുട്ടിയായ അവസ്ഥ, ഭർത്താവറിയാത്ത ഗർഭധാരണം, കല്ലെറിഞ്ഞു കൊല്ലപ്പെടാൻ തക്കതായ വീഴ്ച. പക്ഷേ, ദൈവഹിതത്തിനു പൂർണമായി അർപ്പിക്കുന്നവർക്ക് മാനുഷികവിലക്കുകൾ ഒരു പരിമിതിയായി മാറുന്നില്ല. വിശ്വാസപൂർവ്വകമായ കേൾവിയും സമർപ്പണവും ലോകരക്ഷയ്ക്കു കാരണമാക്കാൻ പരിശുദ്ധ കന്യക ഇടയാക്കിയതുപോലെ നമുക്കും ദൈവസ്വരം ശ്രവിക്കാം; ദൈവഹിതത്തിനു പൂർണമായി കീഴ്വഴങ്ങാം.

**വചനപാഠം**: "മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം** : ദൈവഹിതം അടുത്തറിഞ്ഞു ജീവിച്ച ഒരു വിശുദ്ധനെപ്പറ്റി കൂടുതലായി വായിച്ചറിയാനും ആ ജീവിതശൈലിയിലെ നന്മകൾ സ്വായത്തമാക്കാനും നമുക്ക് ഇന്നത്തെ ദിവസം പരിശ്രമിക്കാം.

## മംഗലവാർത്താക്കാലം - രണ്ടാം വ്യാഴം

ഡിസംബർ – 10

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:39–45**

ആദിവസങ്ങളിൽ, മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്രപുറപ്പെട്ടു. അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ, നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി.

## വചനമനനം

ദൈവമാതാവാകുവാനുള്ള ഭാഗ്യം തനിക്കു ലഭിച്ചു എന്നറിഞ്ഞ ഉടനെ തന്റെ ചാർച്ചക്കാരിയായ എലിസബത്തിന്റെ വീട്ടിലേക്ക് വളരെ ക്ലേശം നിറഞ്ഞ വഴികളിലൂടെ യാത്രപുറപ്പെടുന്ന പരിശുദ്ധ അമ്മ. ഉദരത്തിൽ യേശു രൂപം ധരിച്ചതുമുതൽ ദൈവികമായ ഉൾപ്രേരണയാലായിരുന്നു അവളുടെ ഓരോ ചലനവും. ഈ ഉൾപ്രേരണയിൽ നിന്നായിരുന്നു ദുർഘടപാതയെ താങ്ങാനുള്ള 'തിടുക്കം' അവൾക്ക് ലഭിച്ചത്. അവളുടെ ഉൾപ്രേരണ യേശു തന്നെയായിരുന്നു. ക്ലേശകരമായ യാത്ര വരുത്തിത്തീർക്കുന്ന ക്ഷീണം വലുതായിരിക്കുമെന്നുള്ള ന്യായങ്ങളൊന്നും പരിശുദ്ധ മാതാവ് പരിഗണിച്ചതേയില്ല.

മറിയത്തിന്റെ അഭിവാദന സ്വരം എലിസബത്ത് കേട്ട മാത്രയിൽ തന്നെ അവളുടെ ഉദരത്തിലെ ശിശു കുതിച്ചുചാടി. യേശുവിന്റെ ജനനത്തിനു മുമ്പുതന്നെ അവന്റെ സാന്നിദ്ധ്യം ജീവൻ നൽകുന്നു എന്ന വലിയ ഉൾക്കാഴ്ചയിലേക്ക് വിശുദ്ധ ലൂക്കാ സുവിശേഷകൻ വളരെ കാവ്യാത്മകമായി നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ലോകരക്ഷകന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ ശിശു അമ്മയുടെ ഉദരത്തിൽ കുതിച്ചു ചാടുന്നു;



യേശുവിനെ അറിഞ്ഞുകൊണ്ട് ജീവനിലേക്ക് കുതിച്ചുചാടുന്നു.

എപ്രകാരമാണ് എലിസബത്ത് പരിശുദ്ധ കന്യകയ്ക്ക് സംഭവിച്ച കാര്യങ്ങളേക്കുറിച്ചറിഞ്ഞത്? അവൾ അതറിഞ്ഞത് അവളുടെ ഉദരത്തിലെ ശിശു മുഖാന്തിരമാണ്. ജീവനിലേക്കുള്ള പെട്ടെന്നുള്ള ആ പ്രവേശനം സന്തോഷത്തിന്റെ ഒരു കുതിച്ചു ചാട്ടമായിരുന്നു. നാം നമ്മെത്തന്നെ മറന്ന് നമ്മിലും നമ്മുടെ സഹോദരരിലും യേശുവിനെ കാണാൻ പരിശ്രമിക്കുന്നില്ലെങ്കിൽ ഭംഗിയായി അലങ്കിരിച്ചിരിക്കുന്ന പുൽക്കൂട്ടിൽ നോക്കിയാൽ അവിടെ യേശുവിനെ കാണുകയില്ല. കൽക്കട്ടയിലെ തെരുവുകളിലെ മൃതപ്രായരെ ശുശ്രൂഷിച്ചപ്പോൾ മദർതെരേസയ്ക്ക് ക്രിസ്തുവിന്റെ ശരീരത്തിൽ തലോടിയ പരിശുദ്ധ കന്യകാമറിയത്തിന്റെ അനുഭവമാണ് ലഭിച്ചത്. അതെ, ഹൃദയത്തിലെ യേശു സാന്നിദ്ധ്യം ഒരുവനെ അപരനിലേയ്ക്കൊഴുകുന്ന കരുണക്കടലാക്കി മാറ്റുന്നു. യേശുസാന്നിദ്ധ്യം നിറഞ്ഞവൻ അനേകരെ ജീവന്റെ സന്തോഷത്തിലേക്ക് നയിക്കുന്നു.

നമ്മുടെ ഹൃദയത്തിലൂടെ യേശുവിന്റെ ഹൃദയം സ്പന്ദിക്കണം. നമ്മുടെ കരങ്ങളിലൂടെ അവിടുത്തെ കരങ്ങൾ ചലിക്കണം. നമ്മിലൂടെ യേശുവിന്റെ ജീവിതം തുടരണം. അപ്പോൾ മാത്രമാണ് നമ്മുടെ സാന്നിദ്ധ്യം അനേകർക്ക് ജീവനിലേയ്ക്കുള്ള കുതിച്ചു ചാട്ടമായി മാറുകയുള്ളു. അതെ പ്രിയപ്പെട്ടവരെ അപ്പോൾ മാത്രമാണ് നമ്മൾ ഭാഗ്യവാന്മാരായിത്തീരുന്നതും.

**വചനപാഠം:** ''കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ഏതെങ്കിലും തരത്തിൽ വിഷമതയനുഭവിക്കുന്ന ആർക്കെങ്കിലും സന്തോഷത്തോടെ ഒരു സഹായം ചെയ്യുക.

## മംഗലവാർത്താക്കാലം – രണ്ടാം വെള്ളി

**ഡിസംബർ – 11**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:46–56**

മറിയം പറഞ്ഞു : എന്റെ ആത്മാവ് കർത്താവിനെ

മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെനാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു; എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി; സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു. തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചുതന്നെ. മറിയം അവളുടെകൂടെ മൂന്നു മാസത്തോളം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി.

## വചനമനനം

ദൈവഹിതത്തിന് സമ്പൂർണ്ണമായി അടിയറവ് വച്ച നിമിഷം പരിശുദ്ധ അമ്മയിൽ പരിശുദ്ധാത്മാവ് വന്നു നിറഞ്ഞു. പരിശുദ്ധ ആത്മാവ് വന്നു നിറയുന്ന വ്യക്തിയിൽ ദൈവികാനന്ദം നിറയും. അവരുടെ അധരങ്ങളിൽ ദൈവസ്തുതി വിരിഞ്ഞുനിൽക്കും. ആ ആനന്ദം ആർക്കും ഒരിക്കലും എടുത്തുകളയാനാവില്ല. പരിശുദ്ധാത്മാവിന്റെ നിറവിൽ നിന്ന് പരിശുദ്ധ അമ്മ ഉദ്ഘോഷിച്ചു. "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു." രക്ഷകന്റെ അമ്മയുടെ ദാസിയാകാൻ കൊതിച്ച തന്നെ രക്ഷകന്റെ അമ്മയായി ഉയർത്തിയ സർവശക്തന്റെ അനന്തകരുണയുടെ മുമ്പിൽ പരിശുദ്ധ അമ്മയുടെ ഹൃദയം നന്ദിയും ആനന്ദവും കൊണ്ട് നിറയുന്നു. താഴ്മയുള്ളവരെയാണ് ദൈവം കടാക്ഷിച്ച് അനുഗ്രഹിച്ച് എടുത്തുയർത്തുന്നത് എന്ന് പരിശുദ്ധ അമ്മയുടെ ജീവിതം നമുക്ക് വ്യക്തമാക്കിത്തരുന്നു. അമ്മയുടെ സ്തോത്രഗീതത്തിലൂടെ അമ്മ അത് ലോകത്തോട് പ്രഘോഷിക്കുന്നു.

താഴ്മയുള്ളവരുടെ ഏറ്റവും വലിയ പ്രത്യേകത അവരുടെ വാക്കിലും പ്രവൃത്തിയിലും നിറഞ്ഞു നിൽക്കുക ദൈവമഹത്വമായിരിക്കും. പരിശുദ്ധ അമ്മയുടെ വാക്കുകൾ ശ്രദ്ധിക്കുക. "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൽ ചെയ്തിരിക്കുന്നു.



അവിടുത്തെ നാമം പരിശുദ്ധമാണ്." തന്റെ ജീവിതത്തിൽ സംഭവിച്ച സകല നന്മകളുടെയും പിന്നിൽ ദൈവത്തിന്റെ അദൃശ്യകരങ്ങൾ കാണുകയും അവിടുത്തെ പരിശുദ്ധ നാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന പരിശുദ്ധ അമ്മയുടെ വിശ്വാസ ജീവിതം അനുദിനജീവിതത്തിൽ നമുക്ക് ശക്തിയും കരുത്തുമാണ്. തുടർന്നുള്ള പരി. അമ്മയുടെ ജ്ഞാനവചസ്സുകൾ പഴയകാല ചരിത്രത്തിന്റെ വിശ്വാസ പ്രഘോഷണമാണ്. തന്റെ ഭക്തരുടെ മേൽ തലമുറകൾ തോറും കരുണ വർഷിക്കുന്ന ദൈവം അവരുടെ ജീവിതത്തിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു. അഹങ്കാരികളെ ചിതറിക്കുകയും, സിംഹാസനത്തിൽ നിന്ന് തട്ടിമറിച്ചിട്ട് എളിയവരെ ഉയർത്തുകയും ചെയ്യുന്നവനാണ് അവിടുന്ന്.

തുടർന്നുള്ള പരിശുദ്ധ അമ്മയുടെ ജ്ഞാന വചസ്സുകൾ പഴയകാല ചരിത്രത്തിന്റെ വിശ്വാസ പ്രഘോഷണമാണ്. തന്റെ ഭക്തരുടെ മേൽ തലമുറകൾ തോറും കരുണ വർഷിക്കുന്ന ദൈവം അവരുടെ ജീവിതത്തിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു. അഹങ്കാരികളെ ചിതറിക്കുകയും, സിംഹാസനത്തിൽ നിന്ന് തട്ടിമറിച്ചിട്ട് എളിയവരെ ഉയർത്തുകയും, വിശക്കുന്നവരെ വിശ്ഷ്ട വിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കുകയും ചെയ്യുന്ന നല്ല ദൈവത്തിന്റെ കരുണയുടെയും, നീതിയുടെയും ഭാവം പരിശുദ്ധ അമ്മ ഉറക്കെ പ്രഘോഷിക്കുന്നു.

**വചനപാഠം :** "അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ഈ ദിവസങ്ങളിൽ ലഭിച്ച 7 നേട്ടങ്ങളെയോർത്ത് ദൈവത്തിന് നന്ദി പറയുക.

# മംഗലവാർത്താക്കാലം - രണ്ടാം ശനി

**ഡിസംബർ - 12**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 11:33-36**

വിളക്കുകൊളുത്തി ആരും നിലവറയിലോ പറയുടെ കീഴിലോ വയ്ക്കാറില്ല. മറിച്ച്, അകത്തു പ്രവേശിക്കുന്നവർക്കു വെളിച്ചം കാണാൻ

പീഠത്തിന്മേലാണു വയ്ക്കുന്നത്. കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണു കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണു ദുഷിച്ചതെങ്കിലോ ശരീരം മുഴുവനും ഇരുണ്ടുപോകും. അതുകൊണ്ട്, നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. ഇരുളടഞ്ഞ ഒരു ഭാഗവുമില്ലാതെ ശരീരം മുഴുവൻ പ്രകാശം നിറഞ്ഞതാണെങ്കിൽ, വിളക്ക് അതിന്റെ രശ്മികൾകൊണ്ടു നിനക്കു വെളിച്ചം തരുന്നതുപോലെ ശരീരം മുഴുവൻ പ്രകാശമാനമായിരിക്കും.

## വചനമനനം

ശരിരത്തിൽ കണ്ണുകളുടെ സ്ഥാനം അതിവിശിഷ്ടമാണ്. കണ്ണിനെ പ്രഭചൊരിയുന്ന വിളക്കിനോടാണ് നമ്മുടെ കർത്താവ് ഉപമിച്ചിരിക്കുന്നത്. കണ്ണുകളാണ് ഒരു വ്യക്തിയുടെ ഹൃദയത്തിലേക്കും മനസ്സിലേക്കും അന്തരാത്മാവിലേക്കും തുറക്കപ്പെടുന്ന കിളിവാതിൽ. അതിലൂടെ അരിച്ചിറങ്ങുന്ന പ്രകാശകിരണങ്ങളാണ് അവനെ തീരുമാനങ്ങളെടുക്കാൻ പ്രാപ്തനാക്കുന്നത്, അവന്റെ വ്യക്തിത്വത്തിന് രൂപം നൽകുന്നത്.

നാം നമ്മുടെ കണ്ണുകളെ എപ്രകാരം സൂക്ഷിക്കണം? ബൈബിളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് 7 തരം കണ്ണുകളെ ക്കുറിച്ച് കാണുവാൻ സാധിക്കും. ഇവ നമ്മുടെ ജീവിത സാഹചര്യങ്ങളെയും നമ്മുടെ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും വെളിപ്പെടുത്തുന്നവയാണ്. 1) ഗർവ്വ് കലർന്ന കണ്ണ് (സുഭാ. 6:16-17), 2) അത്യാഗ്രഹമുള്ള കണ്ണ് (പ്രഭാ. 31:13) 3) ലുബ്ധന്റെ കണ്ണ് (പ്രഭാ. 14:-10), 4) ദുഷ്ടന്റെ കണ്ണ് (ജോബ് 11:20), 5) അസൂയയുടെ കണ്ണ് (പ്രഭാ. 14:8) 6) മങ്ങിയ കണ്ണ് (സങ്കീ. 28:9), 7) തിളങ്ങുന്ന കണ്ണുകൾ (സുഭാ. 15:30).

ഹൃദയത്തെ സന്തോഷിപ്പിക്കുന്ന, തിളങ്ങുന്ന കണ്ണുകൾ ആവണം നമ്മുടേത്. ഗർവ്വുകലർന്നതും അസൂയയുടേതും ലുബ്ധന്റേയും ദുഷ്ടന്റെയും കണ്ണുകൾ, ദുഖം കൊണ്ട് മങ്ങിയതുമാ കണ്ണുകൾ, നമ്മെ അന്ധകാരത്തിലേക്ക് നയിക്കുന്നു. നമ്മുടെ കണ്ണുകൾ തിളങ്ങുന്നവ ആയിരിക്കണം. അവിടെ കാഴ്ചകൾ നമ്മെ ക്രിസ്തുവിലേക്ക് നയിക്കും. അവിടെ കാഴ്ചപ്പാടുകൾ മാറും; കാഴ്ചകൾ വ്യക്തമാകും. നമ്മുടെ ജീവിതത്തിലെ കാഴ്ചപ്പാടുകൾക്ക് മാറ്റം ഉണ്ടാകണമെങ്കിൽ കണ്ണുകൾക്ക് തിളക്കം ഉണ്ടാവണം. കണ്ണുകൾക്ക് തിളക്കം ഉണ്ടാവണമെങ്കിൽ ക്രിസ്തുവിന്റെ കണ്ണുകളിലൂടെ നാം കാണണം. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ കണ്ണുകൾ കൂടെ നടന്ന കർത്താവിനെ കാണാൻ പറ്റാത്തവിധം മൂടപ്പെട്ടതായിരുന്നു. ഇതാ,



മഗ്ദലനമറിയം ശവകുടീരത്തിന്റെ അടുക്കൽ കർത്താവിനെ കണ്ടിട്ടും തിരിച്ചറിഞ്ഞില്ല. മറിയം എന്നു വിളിക്കുമ്പോൾ 'റബ്ബോനി' എന്നു പ്രത്യുത്തരിച്ചുകൊണ്ട് അവൾ തിരിച്ചറിയുകയാണ്. ജീവിത സാഹചര്യങ്ങളിൽ കടന്നുപോകുന്ന, കൂടെ നടക്കുന്ന ക്രിസ്തുവിനെ കാണുവാനുള്ള കാഴ്ച നമുക്കുണ്ടാവണം. വിശുദ്ധരുടെ ജീവിതത്തിൽ അവർ പക്ഷികളിലും മൃഗങ്ങളിലും പ്രകൃതിയിലും കർത്താവിന്റെ സാന്നിധ്യം കണ്ടു.

പ്രിയപ്പെട്ടവരെ, ക്രിസ്തു നാഥനെ കാണുവാനുള്ള കാഴ്ചയും അവനെ തിരിച്ചറിയുവാനുള്ള ബോധ്യവും കാഴ്ചപ്പാടുകളും അല്ലേ നമുക്ക് വേണ്ടത്? അവിടെയാണ് കർത്താവ് പറഞ്ഞത് കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതായിരിക്കട്ടെ എന്ന്.

ദൈവം നമ്മുടെ അന്തരാത്മാവിൽ പ്രകാശം ചൊരിഞ്ഞിരിക്കുന്നു. ഈ പ്രകാശത്തിലേക്ക് മിഴിതുറക്കാൻ, അങ്ങനെ കണ്ണുകൾ തിളക്കമുള്ളതാക്കാൻ നമുക്കാവണം. വികലമായ കാഴ്ചപ്പാടുകളിലൂടെ തങ്ങളിലെ പ്രകാശത്തെ അന്ധകാരത്തിന് തീറെഴുതിയ സമൂഹത്തിന്റെ ചാരം മൂടിയ ആത്മാവിലേക്ക് നോക്കാൻ നമുക്കാവണം. വെറുപ്പോ കുറ്റപ്പെടുത്തലുകളോ മുൻവിധികളോ ഇല്ലാതെ അവർ ആയിരിക്കുന്ന ഇടങ്ങളിൽ ദൈവവുമായുള്ള ഒരു കൂടിക്കാഴ്ചയ്ക്ക് അവസരമൊരുക്കാൻ നമ്മിലെ പ്രകാശം അവർക്ക് മാർഗ്ഗദീപമായി മാറണം. വഴിയരുകിൽ ഭിക്ഷയാചിച്ച അന്ധയാചകനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം കർത്താവേ എന്റെ കണ്ണുകൾ തുറന്നു തരണമേ എന്ന്.

**വചനപാഠം:** "കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** കാണണമെന്ന് ആഗ്രഹം തോന്നുന്ന 5 കാഴ്ചകൾ കർത്താവിനെ പ്രതി വേണ്ടെന്നുവെക്കുക.

## മംഗലവാർത്താക്കാലം - മൂന്നാം ഞായർ

**ഡിസംബർ - 13**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:57-66**

എലിസബത്തിനു പ്രസവസമയമായി; അവൾ ഒരു പുത്രനെ പ്രസവിച്ചു. കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു. എട്ടാംദിവസം അവർ ശിശുവിന്റെ പരിച്ഛേദനത്തിനു വന്നു. പിതാവിന്റെ പേരനുസരിച്ച് സഖറിയാ എന്ന് അവനു പേരു നൽകാൻ അവർ ആഗ്രഹിച്ചു. എന്നാൽ, ശിശുവിന്റെ അമ്മ അവരോടു പറഞ്ഞു: അങ്ങനെയല്ല, അവൻ യോഹന്നാൻ എന്നു വിളിക്കപ്പെടണം. അവർ അവളോടു പറഞ്ഞു: നിന്റെ ബന്ധുക്കളിലാർക്കും ഈ പേര് ഇല്ലല്ലോ. ശിശുവിന് എന്ത് പേരു നൽകാനാണ് ആഗ്രഹിക്കുന്നതെന്ന് അവന്റെ പിതാവിനോട് അവർ ആംഗ്യം കാണിച്ചു ചോദിച്ചു. അവൻ ഒരു എഴുത്തുപലക വരുത്തി അതിൽ എഴുതി: യോഹന്നാൻ എന്നാണ് അവന്റെ പേര്. എല്ലാവരും അദ്ഭുതപ്പെട്ടു. തത്ക്ഷണം അവന്റെ വായ് തുറക്കപ്പെട്ടു. നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തിക്കൊണ്ട് സംസാരിക്കാൻ തുടങ്ങി. അയൽക്കാർക്കെല്ലാം ഭയമുണ്ടായി;യൂദയായിലെ മലനാട്ടിലെങ്ങും ഈ സംഗതികൾ സംസാരവിഷയമാവുകയും ചെയ്തു. കേട്ടവരെല്ലാം ഈ ശിശു ആരായിത്തീരും എന്നു ചിന്തിച്ചു തുടങ്ങി. കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു.

## വചനമനനം

ദൈവത്തിന്റെ കല്പനയനുസരിച്ചും വളരെ നീതിനിഷ്ഠരും വിശ്വസ്തരുമായി ജീവിച്ചിരുന്നവരായിരുന്നല്ലോ സഖറിയാ - എലിസബത്ത് ദമ്പതികൾ. പക്ഷേ, ജനതകളുടെ ഇടയിൽ അവർക്ക് ഉണ്ടായിരുന്ന വലിയ അപമാനമായിരുന്നു ഒരു കുഞ്ഞ് ജനിക്കാത്തത്. എന്നാൽ ഇന്നേ ദിവസത്തെ വായനയിൽ നാം കാണുന്നത് ആ അപമാനം നീക്കപ്പെടുന്നതും തുടർന്ന് ആ നാട്ടിലെ ജനങ്ങളിൽ ഭയം ജനിപ്പിക്കുമാറ് ചർച്ചാവിഷയമാകുന്ന സംഗതികളാണ്. ജനിച്ച ശിശുവിന്റെ പേരിടലും അതിനെ ചുറ്റിപ്പറ്റിയുള്ള കാര്യങ്ങളും നമ്മെ ചിന്തിപ്പിക്കുന്നവയാണ്.

സഖറിയായ്ക്ക് ദൂതൻ പ്രത്യക്ഷപ്പെടുകയും വാഗ്ദാനം ചെയ്യുകയും ചെയ്ത കാര്യങ്ങൾ എല്ലാം നിറവേറിയതായി കാണപ്പെടുന്നു. അനേകം നാളുകൾ കർത്താവിന്റെ വഴിയിൽ ജീവിച്ചിട്ടും സഖറിയായ്ക്കും എലിസബത്തിനും കുഞ്ഞുങ്ങൾ ഇല്ലാത്തതിന്റെ അപമാനം പേറേണ്ടിവന്നു. പക്ഷേ, അതിൽ അവർ ദൈവത്തോട്



മറുതലിച്ചില്ല. തങ്ങളുടെ വിശ്വാസം ഉപേക്ഷിച്ചുമില്ല. വളരെ തീഷ്ണതയോടുകൂടി തന്നെ കർത്താവിന്റെ നിയമങ്ങൾ അനുസരിച്ച് ജീവിച്ചു. അതാവണം 'സ്ത്രീകളിൽ നിന്നു പിറന്നവരിൽ യോഹന്നാനെക്കാൾ വലിയവനായി ആരുമില്ല' എന്ന് ഈശോതന്നെ സാക്ഷ്യപ്പെടുത്തിയ ആ പുത്രന് അവർ മാതാപിതാക്കളായത്. തന്റെ മാർഗ്ഗത്തിൽ ചരിക്കുന്നവരെ ദൈവം ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്ന നിത്യസത്യത്തിന് വലിയൊരു തെളിവായിവേണം നാം സ്നാപകയോഹന്നാന്റെ ജനനത്തെ കാണാൻ.

ഇനി ഈ പേരിടീൽ കർമ്മത്തെപ്പറ്റി നമുക്ക് ചിന്തിക്കാം. 'യോഹന്നാൻ' എന്ന പേരിന് അർത്ഥം ദൈവം കരുണചെയ്തു എന്നാണല്ലോ. സഖറിയ എലിസബത്ത് ദമ്പതികളുടെ ജീവിതത്തിൽ അത് ദൈവത്തിന്റ വലിയ കരുണയുടെ ഇടപെടൽ തന്നെയാണ്. പക്ഷേ, സഖറിയായുടെ ആനന്ദം കുഞ്ഞിനെ ലഭിച്ചതിൽ മാത്രമല്ല, ദൈവത്തിന്റെ രക്ഷാകര പദ്ധതി പൂർത്തിയാക്കപ്പെടുന്നതിനാലും അതിൽ സ്വപുത്രന്റെ പങ്കിനെക്കുറിച്ചോർത്തും കൂടിയാവണം. തുടർന്നുവരുന്ന സഖറിയായുടെ വാഴ്ത്തൽ ഗീതം ഇത് സൂചിപ്പിക്കുന്നു. പേരിടൽ കർമ്മത്തിൽ എലിസബത്ത് കാണിച്ച ദൃഢനിശ്ചയം ശ്രദ്ധേയമാണ്. സാധാരണയുള്ള യഹൂദരുടെ നാമകരണത്തിൽ നിന്നും വ്യത്യസ്ഥമായിട്ടാണ് അവൾ 'യോഹന്നാൻ' എന്ന പേര് നിർദ്ദേശിച്ചത്. സ്ത്രീകൾക്ക് ഒട്ടും വിലകൽപിക്കാത്ത യഹൂദസമൂദായത്തിൽ ഇങ്ങനെ പറയാൻ അവളെ ശക്തയാക്കിയത് അടിയുറച്ച വിശ്വാസമാണ്.

അങ്ങനെയെങ്കിൽ നാം ഇവിടെ അനുസരണത്തെയും വിശ്വാസത്തെയുംപറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യരുടെ പാരമ്പര്യങ്ങൾക്കും രീതികൾക്കുമപ്പുറം ദൈവത്തോടുള്ള അനുസരണത്തിന് വിലകൽപ്പിച്ചവരാണ് സഖറിയായും ഭാര്യയും. മനുഷ്യബുദ്ധിയിൽ നിറവേറാൻ സാദ്ധ്യതയില്ലാത്തവ സംഭവിക്കുമെന്ന് വിശ്വസിച്ചവരാണവർ. അചഞ്ചലമായ വിശ്വാസവും അനുസരണവും അവർക്ക് നൽകിയത് അളവറ്റ ദൈവത്തിന്റെ കരുണയാണ്. ഇതുപോലെ നമ്മുടെ ജീവിതത്തിലും അനേകം സംഭവങ്ങൾ ഉണ്ടാകാറില്ലേ? കഷ്ടപ്പാടും വേദനകളും നിറഞ്ഞതാകാം നമ്മുടെ ജീവിതം. ഇതിലെല്ലാം മനസ്സുമടുത്തവരായി മാറാം നമ്മൾ. ഇന്നത്തെ ലോകത്തിൽ പ്രലോഭനങ്ങൾ വളരെയാണ്. എളുപ്പത്തിൽ നേട്ടങ്ങൾ കൊയ്യാൻ വെമ്പൽകൊള്ളുന്നവരാണ് പലരും. അതിനായി അവർ ഏത് മാർഗ്ഗവും സ്വീകരിക്കുന്നു. തങ്ങളെപ്പോലെയാകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നു.

നീതിമാനായി ജീവിച്ചിട്ട് ഞാൻ ഒന്നും നേടിയില്ലല്ലോ എന്ന് പരിതപിക്കുന്നവരായി മാറാം നമ്മൾ. ഇങ്ങനെ നമ്മുടെ മനസ്സിൽ ഉയരുന്ന ഒരുപിടി ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഇന്നത്തെ സുവിശേഷം. ജീവിതത്തിലെ പരാജയങ്ങളെ നിന്റെ കർത്താവ് കാണുന്നുണ്ട്. നീതിമാനായ നിന്റെ ജീവിതവും അവിടുന്ന് കാണുന്നുണ്ട്. അവിടുന്ന് നിനക്കായ് ഒരു പദ്ധതിയും ഇട്ടിട്ടുണ്ട്, നിന്റെ നാശത്തിനുള്ളതല്ല, ക്ഷേമത്തിനുള്ളതാണ്. അതിനാൽ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് കർത്താവിൽ ശരണപ്പെടുക. ഇങ്ങനെ ജീവിക്കുമ്പോൾ ലോകത്തിന്റെ ദൃഷ്ടിയിൽ നാം വെറും 'മൂഢരായിരിക്കും.' ഇങ്ങനെ കർത്താവിനെ പ്രതി പരിഹസിക്കപ്പെട്ടവരാണ് കർത്താവിന്റെ സ്നേഹഭാജനങ്ങളായ വിശുദ്ധർ. നമ്മെ കർത്താവ് തിരഞ്ഞെടുത്തു എന്നതിൽ നമുക്ക് സന്തോഷിക്കാം. അവിടുത്തെ കരുണ നമ്മെ അനുദിനം പരിപാലിക്കുന്നതിനെ ഓർത്ത് നന്ദി പറയാം. അങ്ങനെ വിശ്വാസത്തിൽ നിന്നും തെറ്റി നടക്കാനുള്ള പ്രലോഭനങ്ങളെ നമുക്ക് ശക്തമായി ചെറുത്ത് തോൽപ്പിക്കാം.

**വചനപാഠം :** "കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ഈശോയെ, അങ്ങേ പ്രകാശത്താൽ എന്നെ നയിക്കണമേ എന്ന് പ്രാർത്ഥിക്കുക.

## മംഗലവാർത്താക്കാലം - മൂന്നാം തിങ്കൾ

**ഡിസംബർ - 14**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 14:25–33**

വലിയ ജനക്കൂട്ടങ്ങൾ അവന്റെ അടുത്തുവന്നു. അവൻ തിരിഞ്ഞ് അവരോടു പറഞ്ഞു: സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരൻമാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ അടുത്തുവരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല. സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ



ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല. ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ, അതു പൂർത്തിയാക്കാൻവേണ്ട വക തനിക്കുണ്ടോ എന്ന് അതിന്റെ ചെലവ് ആദ്യമേ തന്നെ കണക്കു കൂട്ടി നോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്? അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അടിത്തറ കെട്ടിക്കഴിഞ്ഞ് പണിമുഴുവനാക്കാൻ കഴിയാതെ വരുമ്പോൾ, കാണുന്നവരെല്ലാം അവനെ ആക്ഷേപിക്കും. അവർ പറയും: ഈ മനുഷ്യൻ പണി ആരംഭിച്ചു; പക്ഷേ, പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ, ഇരുപതിനായിരം ഭടൻമാരോടുകൂടെ തനിക്കെതിരേ വരുന്നവനെ പതിനായിരം കൊണ്ടു നേരിടാൻ സാധിക്കുമോ എന്ന് ആദ്യമേ ആലോചിക്കാതെ മറ്റൊരു രാജാവിനോടുയുദ്ധത്തിനു പോകുന്ന ഏതു രാജാവാണുള്ളത്? അതു സാധ്യമല്ലെങ്കിൽ, അവൻ ദൂരത്തായിരിക്കുമ്പോൾ തന്നെ ദൂതൻമാരെ അയച്ച്, സമാധാനത്തിന് അപേക്ഷിക്കും. ഇതുപോലെ, തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യനാവുക സാധ്യമല്ല.

## വചനമനനം

തന്റെയുടുത്ത് വരുന്നവരെ എങ്ങനെയെങ്കിലും പ്രീതിപ്പെടുത്തി കൂടെ നിർത്തുവാൻ ഈശോ ഒരിക്കലും ശ്രമിച്ചിരുന്നില്ല എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഈ വചനഭാഗം. വലിയ ജനക്കൂട്ടങ്ങൾ അവന്റെ അടുത്തുവരികയും ഒട്ടേറെപ്പേർ അവന്റെ ശിഷ്യരാകുവാൻ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. യേശുവിന്റെ ശിഷ്യരാകുക വഴി വന്നുചേരുന്ന പേരും പെരുമയും ആയിരുന്നു പലരെയും അതിനു പ്രേരിപ്പിച്ച ഘടകം. സ്വന്തം സുഖങ്ങൾക്കും സ്വാർത്ഥതാല്പര്യങ്ങൾക്കും മാത്രം ആയിരിക്കരുത് ദൈവസന്നിധിയിൽ ചെല്ലേണ്ടത് എന്നും ദൈവത്തോടുള്ള സ്നേഹത്തെപ്രതി ത്യാഗങ്ങൾ സഹിക്കാൻ തയ്യാറല്ലാത്ത ആർക്കും അവിടുത്തെ ശിഷ്യനാവുക സാധ്യമല്ല എന്നും ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഗോപുരം പണിയാൻ ആരംഭിക്കുകയും (താൻ ധനവാനാണെന്ന് മറ്റുള്ളവരെ കാണിക്കാൻ) പക്ഷേ പണത്തിന്റെ അഭാവം മൂലം പണി നിർത്തുകയും ചെയ്യുന്ന വ്യക്തികൾ സമൂഹത്തിന്റെ ആക്ഷേപത്തിന് പാത്രമാകുന്നു. അതുപോലെ തനിക്കെതിരെ യുദ്ധത്തിനു വരുന്ന രാജാവിന്റെ അശ്വബലം മനസ്സിലാക്കി മാത്രമേ അവനെതിരെ യുദ്ധത്തിനു തയാറെടുക്കാവൂ എന്നതും സാമാന്യബുദ്ധിയിൽ അധിഷ്ഠിതമാണ്. ഗോപുരം പണിയാൻ പദ്ധതിയിടുന്ന സ്ഥലമുടമയും

യുദ്ധത്തിനു തയാറെടുക്കുന്ന രാജാവും ഒട്ടേറെ കണക്കുകൂട്ടലുകൾക്ക് ശേഷമാണ് തീരുമാനമെടുക്കുന്നത്. അതുപോലെ യേശുവിന്റെ ശിഷ്യനായി സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും ശിഷ്യത്വത്തിന്റെ വില എന്തെന്ന് ഗ്രഹിച്ചിരിക്കണമെന്ന് ഈശോയും ആഗ്രഹിക്കുന്നു.

ദൈവരാജ്യം സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും അവരുടെ ജീവിതത്തിൽ ദൈവത്തിന് പരമപ്രധാനമായ സ്ഥാനം നൽകണം. ദൈവത്തെ പ്രതി എന്തും ത്യജിച്ച് ശരിയായത് തിരഞ്ഞെടുക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. നമുക്കുള്ളതെല്ലാം ദൈവദാനമാണ്. ദൈവം തന്ന ദാനങ്ങൾ ആസ്വദിക്കുന്നതിനായി ദൈവത്തെ മാറ്റി നിർത്തുന്നവരാകരുത് നമ്മൾ. നിത്യജീവനും നിത്യനാശവും തിരഞ്ഞെടുക്കാൻ നമുക്കധികാരമുണ്ട്. നിത്യജീവനിലേയ്ക്കുള്ള നമ്മുടെ യാത്രയിൽ ദൈവത്തിന് പ്രഥമ സ്ഥാനം നൽകി വയലിൽ ഒളിച്ചുവച്ച നിധി കണ്ടെത്തിയ ബുദ്ധിമാനെപ്പോലെയായി മാറാം.

**വചനപാഠം** : "ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം** : മറ്റുള്ളവരോട് ദേഷ്യം തോന്നുമ്പോൾ 10 പ്രാവശ്യം ഈശോ എന്ന് ഉരുവിടുക.

## മംഗലവാർത്താക്കാലം – മൂന്നാം ചൊവ്വ

**ഡിസംബർ – 15**

**വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 3:1–6**

അക്കാലത്ത് സ്നാപകയോഹന്നാൻ യൂദയായിലെ മരുഭൂമിയിൽ വന്നു പ്രസംഗിച്ചു: മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു. ഇവനെപ്പറ്റിയാണ് ഏശയ്യാപ്രവാചകൻവഴി ഇങ്ങനെ അരുളിച്ചെയ്യപ്പെട്ടത്: മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം –കർത്താവിന്റെ വഴിയൊരുക്കുവിൻ; അവന്റെ പാതകൾ



നേരേയാക്കുവിൻ. യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രവും അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടുകിളിയും കാട്ടുതേനുമായിരുന്നു അവന്റെ ഭക്ഷണം. ജറുസലെമിലുംയൂദയാ മുഴുവനിലും ജോർദാന്റെ പരിസരപ്രദേശങ്ങളിലുംനിന്നുള്ള ജനം അവന്റെ അടുത്തെത്തി. അവർ പാപങ്ങൾ ഏറ്റുപറഞ്ഞ്, ജോർദാൻ നദിയിൽവച്ച് അവനിൽനിന്നു സ്നാനം സ്വീകരിച്ചു.

## വചനമനനം

രക്ഷകനായ ദൈവം ഭൂമിയിൽ അവതരിക്കാനുള്ള സമയം സമീപിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ അത് ആരും ഗൗനിക്കുന്നില്ല. ലോകത്തിന്റെ കാര്യങ്ങളിൽ മുഴുകി ജീവിച്ചിരുന്ന ദൈവജനത്തിന്റെ സ്മൃതിയുടെ ഇരുളടഞ്ഞ കോണുകളിൽ ഇടയ്ക്കെപ്പോഴൊക്കെയോ ലോകത്തിന്റെ കിരീടവും ചെങ്കോലും പേറുന്ന ഒരു രാജാവിനെക്കുറിച്ചുള്ള പ്രതീക്ഷ ഉടലെടുത്തിരുന്നു. ലോകത്തിന്റെ വിജ്ഞാനത്തെ തകിടംമറിച്ചുകൊണ്ട്, ലോകരക്ഷകനായ ദൈവം ബത്‌ലഹേമിലെ ഒരു കാലിത്തൊഴുത്തിൽ പിറന്നുവെന്നും, നസ്രത്തിലെ ഒരു തച്ചന്റെ കുടുംത്തിൽ ജീവിച്ചിരിക്കുന്നുവെന്നും ലോകത്തോട് വിളിച്ചുപറയേണ്ടത് അനിവാര്യമായിരുന്നു. സ്നാപകയോഹന്നാൻ എന്ന പ്രവാചകന്റെ ജീവിതത്തിലെ ഏക ദൗത്യവും അതുതന്നെ ആയിരുന്നു.

രക്ഷകനായ യേശുവിനെ സ്വീകരിക്കുന്നതിനായി ദൈവജനത്തിന്റെ ഹൃദയങ്ങളെ ഒരുക്കുക എന്ന ഭാരിച്ച ചുമതല ആയിരുന്നു സ്നാപകന്റേത്. കർത്താവിനു വഴിയൊരുക്കി ഈ ഭൂമിയിൽ ദൈവഹിതം നിറവേറ്റിയ സ്നാപകന്റെ ജീവിതം, നമുക്കും ഒരു മാതൃക ആകേണ്ടതാണ്. യോഹന്നാന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഈശോയെ അറിഞ്ഞവരും, ദൈവത്തിനായി ഹൃദയം തുറന്നുകൊടുത്തവരും ഏറെയാണ്.

രക്ഷകന്റെ ആഗമനത്തിനു മുന്നോടിയായിരുന്നു സ്നാപകന്റെ ജീവിതമെങ്കിൽ, പാപികളെതേടി ഭൂമിയിലേക്കു വന്ന യേശുവിനു സാക്ഷ്യം നൽകുന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടെയും ജീവിതം. ദൈവം തന്നോട് ആവശ്യപ്പെട്ടതിൽ കൂടുതൽ ഒന്നും സ്നാപകൻ ആരോടും പറഞ്ഞില്ല. "മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന ശക്തമായ വചനങ്ങൾ മാത്രം. മറ്റുള്ളവരെ ദൈവത്തോട് അടുപ്പിക്കാൻ ശ്രമിക്കുന്ന വേളകളിൽ ദൈവത്തിന്റെ

ശക്തിയും കൃപയുമാണ് അവരിൽ പ്രവർത്തിക്കേണ്ടത് എന്ന് നാം മറക്കരുത്.

**വചനപാഠം :** "മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ഒരു പരോപകാര പ്രവൃത്തി ചെയ്യുക.

## മംഗലവാർത്താക്കാലം - മൂന്നാം ബുധൻ

**ഡിസംബർ - 16**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 16:10-13**

ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും. ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയ കാര്യത്തിലും അവിശ്വസ്തനായിരിക്കും. അധാർമിക സമ്പത്തിന്റെ കാര്യത്തിൽ വിശ്വസ്തരായിരിക്കുന്നില്ലെങ്കിൽ യഥാർഥധനം ആരു നിങ്ങളെ ഏൽപിക്കും? മറ്റൊരുവന്റെ കാര്യത്തിൽ നിങ്ങൾ വിശ്വസ്തരല്ലെങ്കിൽ, നിങ്ങൾക്കു സ്വന്തമായവ ആരു നിങ്ങൾക്കുതരും? ഒരു ഭൃത്യനു രണ്ടുയജമാനൻമാരെ സേവിക്കുവാൻ സാധിക്കുകയില്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിക്കുകയും മറ്റവനെ സ്നേഹിക്കുകയുംചെയ്യും. അല്ലെങ്കിൽ ഒരുവനോടു ഭക്തി കാണിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല.

## വചനമനനം

ഹസ്തിനാപുരത്തിലെ രാജാവ് ശന്തനു കാട്ടിൽ വേട്ടക്കു പോയി. സുഗന്ധം വമിക്കുന്ന സത്യവതി എന്ന മുക്കുവപെൺകുട്ടിയെ കാണുകയും അനുരാഗപരവശനായ രാജാവ് അവളെ വിവാഹം കഴിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഇത്തരുണത്തിൽ സത്യവതി രാജാവിനോട് ആവശ്യപ്പെടുന്ന മൂന്നു കാര്യങ്ങൾ ഉണ്ട്. (1)



തന്നെ പട്ടമഹർഷിയാക്കണം. (2) തനിക്കു ജനിക്കുന്ന മക്കളായിരിക്കണം രാജ്യം ഭരിക്കേണ്ടത്. (3) രാജാവിന്റെ ആദ്യഭാര്യയിലെ മകൻ കല്യാണം കഴിക്കാൻ പാടില്ല. മാത്രവുമല്ല അവൻ ബ്രഹ്മചര്യവ്രതം എടുക്കണം.

പ്രിയപ്പെട്ടവരെ, തന്റെയും തന്റെ മക്കളുടെയും ഭാവി സുരക്ഷിതമാക്കാൻ എത്രമാത്രം വ്യവസ്ഥകളാണ് സത്യവതി മുന്നോട്ടു വയ്ക്കുന്നത്? അവസാനം എന്തുണ്ടായി? ശന്തനു രാജാവിന്റെ ആദ്യമകൻ ദേവവ്രതൻ ബ്രഹ്മചര്യമെടുത്തു. ശന്തനു സത്യവതിയെ കല്യാണം കഴിച്ചു. ഇവർക്ക് രണ്ട് മക്കളുണ്ടായി. പക്ഷേ ആ രണ്ടുപേർക്കും മക്കളുണ്ടാകുന്നില്ല. മഹാഭാരതകഥയുടെ അവസാനം നമുക്കറിയാം. ധൃതരാഷ്ട്രരും പാണ്ഡുവും കുരുക്ഷേത്രയുദ്ധത്തിൽ പരസ്പരം വെട്ടിമരിച്ചു. ഒരു സ്ത്രീയുടെ അത്യാഗ്രഹത്തിന്റെ പര്യവസാനം! സത്യവതിയുടെ മനസാന്നിധ്യവും ദീർഘദൃഷ്ടിയും കഴിവും അപാരം തന്നെ. ശരിക്കും കൗശലക്കാരി! തന്റെ ലക്ഷ്യം നേടാൻ ഏത് മാർഗ്ഗവും സ്വീകരിക്കാൻ മടിയില്ലാത്ത മനസാക്ഷിയില്ലാത്ത ആ അവളുടെ നിലപാട് ഭയങ്കരം തന്നെ. ഈ രണ്ട് കാര്യങ്ങളും വെളിപ്പെടുത്തുന്ന ഉപമയാണ് യേശു ഇന്ന് നമ്മോട് പറയുന്നത്. വാസ്തവത്തിൽ മറ്റൊരു ധൂർത്തപുത്രന്റെ കഥയാണിത്.

യജമാനന്റെ സ്വത്ത് ദുർവ്യയം ചെയ്ത കാര്യസ്ഥൻ, ജോലിയിൽ നിന്ന് പിരിച്ചുവിടുന്ന അവസ്ഥ സംജാതമായപ്പോൾ ആ പ്രതിസന്ധിയെ തരണം ചെയ്യാൻ അയാൾ കണ്ട മാർഗ്ഗം യജമാനനിൽ നിന്ന് കടം വാങ്ങിയവരുടെ കടം ഇളച്ചുകൊടുത്ത് അവരുടെ പ്രീതി സമ്പാദിക്കുക എന്നതാണ്. കാര്യസ്ഥൻ യജമാനനെ ചതിച്ചിട്ടും, യജമാനൻ വഞ്ചിക്കപ്പെട്ടിട്ടും യജമാനൻ കാര്യസ്ഥന്റെ കൗശലത്തെ പ്രശംസിക്കുന്നു. അവസാന നിമിഷത്തിൽ കാര്യസ്ഥൻ ചെയ്ത പ്രവൃത്തിയിലൂടെ അയാളുടെ ഭാവി സുരക്ഷിതമാക്കിയില്ലേ? നീതി രഹിതനായ മനുഷ്യന്റെ കൗശലമാണ് ഇവിടെ പ്രശംസിക്കപ്പെടുക. രണ്ടുകാര്യങ്ങൾ നമ്മെപഠിപ്പിക്കാനാണ് യേശു ഈ കഥ പറയുന്നത്: ഒന്ന്, ഈ കാര്യസ്ഥൻ ഒരു കാര്യത്തിൽ നമുക്ക് മാതൃകയാണ്. രണ്ട്, മറ്റൊരു കാര്യത്തിൽ നമുക്കൊരു മുന്നറിയിപ്പും. കാര്യസ്ഥൻ നൽകുന്ന മാതൃക: നമ്മുടെ ഭാവി സുരക്ഷിതമാക്കാൻ നമ്മുടെ കഴിവുകളെല്ലാം ഉപയോഗിക്കണം എന്നതാണ്. അതായത് സമ്പത്തെല്ലാം ദരിദ്രർക്ക് ദാനം ചെയ്ത് നിത്യകൂടാരങ്ങളിലേക്ക് പ്രവേശനം തരപ്പെടുത്തണം. ആവശ്യത്തിലിരിക്കുന്നവരെ സഹായിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിക്ഷേപം കരുതിവയ്ക്കുക. കാര്യസ്ഥൻ നൽകുന്ന മുന്നറിയിപ്പ്: ഈ

കാര്യസ്ഥൻ നീതിരഹിതനായി പ്രവർത്തിച്ചത് സ്വന്തം സുരക്ഷിതത്വത്തിനും സ്വന്തം ഭാവി ഭാസുരമാക്കാനുമാണ്. സ്വത്ത് ദുർവ്യയം ചെയ്യുക മാത്രമല്ല, കൗശലം കൂടി കാണിക്കുന്നു ഇയാൾ. അവസാനം ഇത്തരക്കാരുടെ മക്കൾ പരസ്പരം വഴക്കിട്ട്, പടവെട്ടി മരിക്കുന്നു. ഈ കഥയുടെ അവസാനം യേശു നൽകുന്ന മുന്നറിയിപ്പ് ഇതാണ്; പണം കിട്ടാനും ജോലി നഷ്ടപ്പെടാതിരിക്കാനും എന്ത് അനീതിയും ചെയ്യുന്നവർക്ക് യേശുവിനെ പുച്ഛമാണ്. സത്യമാർഗ്ഗിയായ യേശു അവർക്കെന്നും ഒരു വെല്ലുവിളിതന്നെ. പണത്തോട് ഒട്ടിപ്പിടിച്ചവർ ദൈവത്തെ തട്ടിത്തെറിപ്പിക്കും. നിത്യമായ ധനം സമ്പാദിക്കാതെ നശിച്ചുപോകുന്ന പണം കരുതിവയ്ക്കാൻ കൗശലം കാണിക്കുന്നവരൊക്കെ യേശുവിന്റെ മുന്നിൽ എന്നും ഒരു ചോദ്യചിഹ്നമായിരിക്കും. ഒരു ഭൃത്യനും രണ്ട് യജമാനന്മാരെ സേവിക്കുക സാധ്യമല്ല. തങ്ങൾക്കു ലഭിച്ച ചെറിയ ജീവിതം വിശ്വസ്താപൂർവ്വം നയിച്ച് വലിയ പീഠങ്ങളിലേക്ക് എടുത്ത് ഉയർത്തപ്പെട്ട അനേകം വിശുദ്ധാത്മാക്കളുടെ സാക്ഷ്യകൂടാരങ്ങൾ നമുക്കു ചുറ്റും ഉള്ളതിനാൽ അവരുടെ ജീവിത പാത നമുക്കും പിൻതുടരാം. ഏല്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ എത്ര നിസ്സാരമായിരുന്നാലും വിശ്വസ്തരായിരുന്നുകൊണ്ട് സ്വർഗ്ഗീയ കൂടാരത്തിലേക്കുള്ള നിക്ഷേപങ്ങൾ കരുതിവയ്ക്കാം..

**വചനപാഠം :** "ദൈവത്തേയും ധനത്തേയും ഒന്നിച്ചു സ്നേഹിക്കാൻ നിങ്ങൾക്കു കഴിയുകയില്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** നിറഞ്ഞ മനസ്സോടെ ആർക്കെങ്കിലും എന്തെങ്കിലും നൽകുക.

## മംഗലവാർത്താക്കാലം - മൂന്നാം വ്യാഴം

**ഡിസംബർ - 17**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:67-79**

അവന്റെ പിതാവായ സഖറിയാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു പ്രവചിച്ചു: ഇസ്രായേലിന്റെ ദൈവമായ കർത്താവ്



വാഴ്ത്തപ്പെട്ടവൻ. അവിടുന്ന് തന്റെ ജനത്തെ സന്ദർശിച്ചു രക്ഷിച്ചു; തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി; ആദിമുതൽ തന്റെ വിശുദ്ധന്മാരായ പ്രവാചകൻമാരുടെ അധരങ്ങളിലൂടെ അവിടുന്ന് അരുളിച്ചെയ്തതുപോലെ, ശത്രുക്കളിൽനിന്നും നമ്മെ വെറുക്കുന്നവരുടെ കൈയിൽനിന്നും നമ്മെ രക്ഷിക്കാനും നമ്മുടെ പിതാക്കന്മാരോടു വാഗ്ദാനംചെയ്ത കാരുണ്യം നിവർത്തിക്കാനും നമ്മുടെ പിതാവായ അബ്രാഹത്തോടു ചെയ്ത അവിടുത്തെ വിശുദ്ധമായ ഉടമ്പടി അനുസ്മരിക്കാനും ശത്രുക്കളുടെ കൈകളിൽനിന്നു വിമോചിതരായി, നിർഭയം പരിശുദ്ധിയിലും നീതിയിലും എപ്പോഴും അവിടുത്തെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻ വേണ്ടഅനുഗ്രഹം നമുക്കു നൽകാനുമായിട്ടാണ് ഇത്. നീയോ, കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും. അത് അവിടുത്തെ ജനത്തിന് പാപമോചനംവഴിയുള്ള രക്ഷയെക്കുറിച്ച് അറിവുകൊടുക്കാനും, നമ്മുടെ ദൈവത്തിൻെറ കാരുണ്യാതിരേകംകൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ ഇരുളിലും, മരണത്തിൻെറ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ്.

## വചനമനനം

കാലങ്ങൾ കാത്തിരുന്നതിന്റെയും, നീറുന്ന നെഞ്ചോടെ പ്രാർത്ഥിച്ചതിന്റെയും, കാണുന്നവരോടൊക്കെ എനിക്കുവേണ്ടി പ്രാർത്ഥിക്കണേ, എന്ന് യാചിച്ചതിന്റെയുമൊക്കെ ഫലമായി അനുഗ്രഹങ്ങൾ നേടിയെടുത്താൽ അധരങ്ങളിൽ അറിയാതെ വരും സ്തോത്ര ഗീതങ്ങൾ. സഖറിയായുടെ പ്രവചന ഗീതം ഈ സത്യമാണ് നമുക്ക് മുൻപിൽ അവതരിപ്പിക്കുക. ലഭിച്ച കൃപകളുടെ ക്രെഡിറ്റ് ആർക്ക് കൊടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും അധരങ്ങളിലെ ഗീതത്തിന്റെ സ്വഭാവം. എന്റെ പ്ലാനിംഗും മികവുമാണ് അനുഗ്രഹങ്ങളുടെ അടിസ്ഥാനമെങ്കിൽ വെറും സ്വയം പുകഴ്ച്ചവാക്കുകൾക്കപ്പുറം അധികമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. കൃപകൾക്കും 'ഭാഗ്യം' എന്ന് നാം പറയുന്ന നന്മകൾക്കും പിന്നിൽ കർത്താവ് കാണിച്ച കാരുണ്യം എന്ന ദൈവത്തിന്റെ കൈയ്യൊപ്പ് കാണാൻ കഴിഞ്ഞാൽ അവിടെ സ്തോത്രഗീതം മാത്രമേ ഉടലെടുക്കൂ. സഖറിയായുടെ സ്തോത്രഗീതം അത് നമ്മെ പഠിപ്പിക്കുന്നു. എന്റെ ദൈവം എനിക്ക് സമ്മാനിച്ച കുഞ്ഞിന്

രക്ഷാകര പദ്ധതിയിലുള്ള സ്ഥാനം സ്മരിച്ചപ്പോൾ സഖറിയായ്ക്ക് സ്തുതികീർത്തനങ്ങൾ ആലപിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ദൈവത്തിന്റെ വലിയ കാരുണ്യത്തെക്കുറിച്ചുള്ള പ്രഘോഷണം ആണ് ആദ്യഭാഗത്ത് നാം കാണുക. കർത്താവ് കാണിച്ച കാരുണ്യത്തിന്റെ ബാക്കിപത്രമാണ് സ്നാപകൻ. തന്റെ പുത്രന്റെ ജനനത്തെ ഈശോയുരടെ ജനനത്തിന്റെ മുന്നോടിയായി സഖറിയ കാണുന്നു. ദൈവം തന്റെ പ്രവാചകരിലൂടെ മുൻകൂട്ടി നടത്തിയ പ്രവചനത്തിന്റെ പൂർത്തീകരണം ഇവിടെ സംഭവിക്കുമ്പോൾ വാഗ്ദാനം നിറവേറ്റുന്ന ദൈവത്തെ നമ്മൾ കാണുന്നു. എല്ലാ കാലങ്ങളിലും ദൈവം വിശ്വസ്തനാണ് എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. സഖറിയായുടെ പ്രവചന ഗീതം രണ്ട് ഭാഗങ്ങളായി നമുക്ക് മനസ്സിലാക്കാം. ആദ്യ ഭാഗം ദൈവം ചെയ്ത മഹത്തായ കാര്യങ്ങളെ അനുസ്മരിക്കുമ്പോൾ രണ്ടാം ഭാഗം യോഹന്നാന്റെ ദൗത്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

പൈതൽ ഒരു പ്രവാചകനും, ഈശോയുടെ മുന്നോടിയായി അവന് വഴിയൊരുക്കുന്നവനുമായിരിക്കും എന്ന് പറയുന്നു. 'അത്യുന്നതന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടും എന്ന വിശേഷണം നൽകുന്നതിലൂടെ ഈശോയ്ക്ക് വഴി ഒരുക്കാൻ വന്നവനാണ് യോഹന്നാൻ എന്ന് കൂടുതൽ ഉറപ്പുവരുത്തുകയാണിവിടെ. മിശിഹാ ആണ് പ്രകാശമെന്നും, അവിടുന്ന് സമാധാന ദായകനാണെന്നും യോഹന്നാൻ വെളിപ്പെടുത്തുന്നു. ഇരുളിലും മരണനിഴലിലും കഴിഞ്ഞിരുന്ന ജനത്തെ ഉന്നതത്തിൽ നിന്നുള്ള ഉദയസൂര്യനായ മിശിഹാ സമാധാനത്തിന്റെ പ്രകാശം ചൊരിഞ്ഞ് രക്ഷിക്കും എന്ന് ദൈവജനത്തെ അറിയിക്കുക എന്ന യോഹന്നാന്റെ ദൗത്യത്തെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് സഖറിയ വെളിപ്പെടുത്തുകയാണ് ഇവിടെ. അതുകൊണ്ട് നിത്യപ്രകാശമായ യേശുവിലേക്കുള്ള യാത്രയാവണം നമ്മുടെ അനുദിന ജീവിതമെന്ന് ഈ സുവിശേഷഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവകരുണ അനുഭവിച്ചതിന്റെ അനുഭവസാക്ഷ്യങ്ങൾ സ്വന്തം ജീവിതത്തിൽ ഉണ്ടെന്ന് നെഞ്ചിൽ കൈവച്ച് പറയാൻ കഴിയുന്നിടത്താണ് സഖറിയായേപ്പോലെ ക്രിസ്ത്യാനി എന്ന ക്രിസ്തു അനുയായി ഭാവത്തിലേക്ക് നാം വളരുക. ഈ വചനഭാഗം അതിന് നമുക്ക് പ്രചോദനമാകട്ടെ.

**വചനപാഠം :**"കർത്താവിന് വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും" (ചൊല്ലിക്കൊടുക്കുക).



**സത്കൃത്യം :** മറ്റുള്ളവരോട് ഒരു വിശുദ്ധനെപ്പറ്റി സംസാരിക്കുക.

# മംഗലവാർത്താക്കാലം - മൂന്നാം വെള്ളി

**ഡിസംബർ - 18**

**വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അദ്ധ്യായം 14:1-6**

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം. തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല.

## വചനമനനം

ഒരു യുഗപ്രഭാതത്തിന്റെ ശംഖൊലി മുഴങ്ങി. ചരിത്രാതീതനായ ദൈവം ചരിത്രത്തിലേക്ക് ഇറങ്ങി വന്നു. കാലങ്ങളും തലമുറകളും കാതോർത്തു കാത്തുനിന്നപ്പോൾ രക്ഷയുടെ ശബ്ദം മാറ്റൊലികൊണ്ടു. "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കുവിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം

വാസസ്ഥലങ്ങൾ ഉണ്ട്. ഞാൻ വഴിയും സത്യവും ജീവനുമാകുന്നു." ഒരു മതസ്ഥാപകനും ഒരിക്കലും അവകാശപ്പെടാനാവാത്ത ഒരു സത്യം ആ വാക്കുകളിൽ പ്രതിധ്വനിക്കുന്നില്ലേ?

ഈ ലോകജീവിതത്തിലെ കഷ്ടാരിഷ്ടതകൾക്കിടയിൽ മനം മടുക്കാതെ ധീരനായ് സ്വർഗ്ഗോന്മുഖനായ്, സ്വയം യാത്രചെയ്യേണ്ടതിന് ശിഷ്യനെ മെരുക്കിയെടുക്കുന്ന ശ്രേഷ്ഠ ഗുരുവായ ഈശോയുടെ തിരുമുഖം നമ്മുടെയൊക്കെ മനസ്സുകളിൽ തെളിയുന്നില്ലേ? മൂന്നു വർഷത്തെ നിരന്തര സാന്നിധ്യ സഹവാസങ്ങൾ പകർന്നുകൊടുത്ത സ്വാതന്ത്ര്യവും മാനസികോല്ലാസവും നഷ്ടപ്പെടാൻ ഇനി അധികസമയം ബാക്കിയില്ലാതിരിക്കെ, ദൈവാശ്രയബോധത്തിന്റെ വഴികളിലൂടെ ഉന്നതങ്ങളിലേക്ക് ഒരു തീർത്ഥയാത്ര നടത്താൻ ഈശോ തന്റെ അരുമ ശിഷ്യരെ ക്ഷണിക്കുന്നു.

യേശുവിന്റെ വാക്കുകളുടെ മാസ്മരിക ശക്തിയിൽ സാമ്രാജ്യങ്ങൾ തകർന്നു വീണു. അനേകം യുവഹൃദയങ്ങളിൽ ആ വചനം അലയടിച്ചപ്പോൾ അവരുടെ ജീവിതശൈലിയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി. റഷ്യൻ സാഹിത്യകാരനായ ഫെയ്ദോർ ഡോസ്റ്റോയ്വ്സ്കി ഇപ്രകാരം പറയുന്നു; ക്രിസ്തുവിനേക്കാൾ ഏറെ സുന്ദരവും, ഗഹനവും, അത്യാകർഷകവും, ജീവസുറ്റതും, പരിപൂർണ്ണവുമായ യാതൊന്നും ഭൂമുഖത്തില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടുത്തേക്കാൾ ഉൽകൃഷ്ടമായ യാതൊന്നും ലോകത്തിൽ ഉണ്ടാവുക സാധ്യമല്ല.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രണ്ടാം സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പോൾ ആറാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചു; ക്രിസ്തുവാണ് നമ്മുടെ പ്രാരംഭ ബിന്ദു. നമ്മുടെ വഴിയും വഴികാട്ടിയും; നമ്മുടെ പ്രത്യാശയും ലക്ഷ്യവും, നമ്മുടെ ഉറവിടവും ജീവനും അവിടുന്നാണ്.

മുൻപേ പോയി സ്ഥലമൊരുക്കി, എല്ലാം ക്രമപ്പെടുത്തി തന്റെ പ്രിയപ്പെട്ടവരെ ഉല്ലാസയാത്രക്ക് കൊണ്ടുപോകുന്ന അവരോടൊപ്പം സമയം ചെലവഴിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന സ്നേഹമയിയായ ഒരു പിതാവോ, സഹോദരനോ ആയി നമ്മുടെ കർത്താവ് പരിണമിക്കുന്ന സുന്ദരമായ കാഴ്ചയാണ് വിശുദ്ധ യോഹന്നാൻ നമുക്കു മുമ്പിൽ ചിത്രീകരിക്കുന്നത്

വഴിയും സത്യവും ജീവനുമായ അവിടുന്ന് നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമാകുമ്പോൾ, ജീവിതത്തെ ചലിപ്പിക്കാനുള്ള



ശക്തിയാകുമ്പോൾ, നമ്മുടെ ജീവിതത്തിന് അർത്ഥഭദ്രതയുണ്ടാകുന്നു. സീയന്നായിലെ വിശുദ്ധ കാതറിൻ പറഞ്ഞു: "സ്വർഗ്ഗത്തിലേക്കുള്ള വഴി തന്നെയാണ് സ്വർഗ്ഗം. എന്തെന്നാൽ അവൻ പറഞ്ഞു, വഴി ഞാനാകുന്നു എന്ന്. യേശുവിലൂടെ ജീവനിലേക്ക് പ്രവേശിക്കുന്നവർക്ക് മറ്റൊരു ജീവിതശൈലിയില്ല. അവിടുന്നാണ് പാത. അവിടുന്ന് ജീവിച്ചുകാണിച്ചതെല്ലാം വള്ളിപുള്ളി തെറ്റാതെ, ചൈതന്യം നഷ്ടപ്പെടാതെ അനുസരിക്കേണ്ടവരും അനുഷ്ടിക്കേണ്ടവരുമാണ് നാം. പാദങ്ങൾ കഴുകിയ ഗുരുവിന്റെ ശിഷ്യരാകാനുള്ള കൽപനയിൽ മായം ചേർക്കാതെ, അഹത്തിന്റെ പ്രവണതയെ നശിപ്പിക്കാനാണ് അവിടുന്ന് ആവശ്യപ്പെടുന്നത്.

യേശു പിതാവിലേക്കുള്ള വഴിയാണ്. പിതാവിൽ നിന്ന് ആരംഭിച്ച് പിതാവിൽ എത്തിച്ചേരുന്ന ഈ വഴിയുടെ ഏറ്റവും വലിയ പ്രത്യേകത അത് നമ്മെ ജീവനിലേക്ക് നയിക്കും എന്നുള്ളതാണ്. യേശു ഒഴികെ ഇന്ന് നാം അഭികാമ്യമായി കണ്ടെത്തുന്ന മറ്റ് വഴികളെല്ലാം നമ്മെ മരണത്തിലേക്ക് നയിക്കുന്ന നാശത്തിന്റെ പാതകളാണ്.

യേശു പിതാവിന്റെ സത്യമാണ്. വിശ്വാസത്തോടെ ഈ സത്യത്തെ സമീപിച്ചാൽ, ഈ സത്യത്തിന് ജീവനും ജീവിതവും അർപ്പിച്ചാൽ പിതാവിൽ എത്തിച്ചേരാമെന്ന് അവിടുന്ന് ഉറപ്പുനൽകുന്നു.

യേശുവാകുന്ന ജീവന്റെയും, യേശു ഏകുന്ന ജീവന്റെയും പ്രത്യേകതകൾ മനസ്സിലാക്കി ജീവിക്കുന്ന ആ ജീവനെ സ്വന്തമാക്കാൻ, ആ ജീവദാതാവിന് ആത്മാർപ്പണം ചെയ്യാൻ ഓരോ ക്രൈസ്തവനും ബാദ്ധ്യസ്ഥനാണ്.

വഴിയും സത്യവും ജീവനുമായ അവിടുത്തെ ഉപേക്ഷിച്ച് ഇന്ന് പലരും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും, ആർഭാടങ്ങളുടെയും ആഡംബരത്തിന്റെയും പിന്നാലെ പരക്കം പായുന്നു. ഇവർക്ക് ഒരിക്കലും അവർ കൊതിക്കുന്ന സമാധാനം ലഭിക്കില്ല. കാരണം യേശുവാണ് വഴി, യേശുവാണ് സത്യം, യേശുവാണ് ജീവൻ.

പ്രിയപ്പെട്ടവരെ, വഴി തുറന്നു കിടക്കുമ്പോൾ വഴിയിൽ പ്രവേശിക്കാൻ നമ്മൾ എന്തിനു വൈകണം . സത്യം തെളിഞ്ഞു പ്രകാശിക്കുമ്പോൾ നമ്മൾ എന്തിന് ഇരുളലകൾ തേടണം. ജീവദാതാവ് സമീപത്ത് ഉള്ളപ്പോൾ നമ്മൾ മരണത്തിന്റെ പാത തേടി പോകണമോ? സ്വർഗ്ഗത്തിൽ നമുക്കായി വസതിയൊരുക്കി കാത്തിരിക്കുന്ന ദൈവപിതാവിന്റെ സമീപത്തേക്ക് പ്രതീക്ഷയോടും പ്രത്യാശയോടും കൂടി നമുക്ക് അടുത്തു ചെല്ലാം. അവിടുന്ന് നമ്മെ അനുഗ്രഹിക്കും..

**വചനപാഠം :** "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ജീവിതത്തിലെ ആകുലതകളെ ഓർത്ത് കർത്താവിന് നന്ദി പറഞ്ഞ് പ്രാർത്ഥിക്കുക.

## മംഗലവാർത്താക്കാലം - മൂന്നാം ശനി

**ഡിസംബർ - 19**

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 3:31-36**

ഉന്നതത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്. ഭൂമിയിൽനിന്നുള്ളവൻ ഭൂമിയുടേതാണ്. അവൻ ഭൗമികകാര്യങ്ങൾ സംസാരിക്കുകയും ചെയ്യുന്നു. സ്വർഗത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്. അവൻ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു; എങ്കിലും, അവന്റെ സാക്ഷ്യം ആരും സ്വീകരിക്കുന്നില്ല. അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിനു മുദ്രവയ്ക്കുന്നു. ദൈവം അയച്ചവൻ ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നു; ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്. പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏൽപിക്കുകയും ചെയ്തിരിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെ മേൽ ഉണ്ട്.

## വചനമനനം

ഈശോ ഉന്നതത്തിൽ നിന്നും വരുന്നവനാണ്, എല്ലാറ്റിനും ഉപരിയായുള്ളവനാണ്. ഈശോയുമായി തുലനം ചെയ്യുമ്പോൾ മറ്റുള്ളവരെല്ലാം ഭൂമിയിൽനിന്നുള്ളവരാണ്. ഈശോ ദൈവത്തിന്റെ വചനമാണ്. ലോകം സൃഷ്ടിക്കപ്പെടുന്നതിനു മുമ്പേ ദൈവവുമായുള്ള



ഐക്യത്തിൽ വസിക്കുന്നവനുമാണ്. പിതാവിനെ വെളിപ്പെടുത്തുന്ന ഏകപുത്രനാണ് അവിടുന്ന്. പിതാവു പുത്രനെ സ്നേഹിക്കുകയും എല്ലാം അവന്റെ കരങ്ങളിൽ ഏല്പിക്കുകയും ചെയ്തിരിക്കുന്നു. ഈശോ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന മനുഷ്യപുത്രനാണ്. നമുക്കു ദൈവമക്കളാകാൻ സാധ്യത നല്കുന്നത് അവൻ മാത്രമാണ്.

അളവുകൂടാതെ ആത്മാവിനെ നല്കുന്ന ദൈവം മനുഷ്യന് നിത്യജീവന്റെ വഴി തന്റെ പുത്രനിലൂടെ തുറന്നുകൊടുത്തു. മാമ്മോദീസായിലൂടെ ഈ രക്ഷയുടെ പാതയിലേക്ക് പ്രവേശിച്ച വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോട് ബോധപൂർവ്വം സഹകരിച്ചുകൊണ്ട് രക്ഷയുടെ പൂർണ്ണതയിലേക്ക് കടന്നുവരണം. ദൈവമക്കളുടെ ജീവിതരീതിയും സ്വാതന്ത്ര്യവും അനുഭവിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ഫലങ്ങളാൽ ജീവിതം നിറയണം. അങ്ങനെ ഈ ലോകത്തിൽത്തന്നെ ദൈവം തരുന്ന നിത്യജീവന്റെ മാധുര്യം നുകരുകയും ദൈവരാജ്യത്തിന്റെ ശില്പികളായി വിശുദ്ധമായ ലോകം പടുത്തുയർത്താൻ അക്ഷീണം യത്നിക്കുകയുമാണ് ക്രൈസ്തവ വിശ്വാസികളുടെ പരമപ്രധാനമായ ദൗത്യം. ദൈവം സ്നേഹമാണെന്ന വെളിപ്പെടുത്തൽ പുതിയനിയമവെളിപാടിന്റെ മുഖമുദ്രയാണ്. ദൈവത്തിന്റെ സ്നേഹം നിത്യമാണ്; വ്യവസ്ഥയില്ലാത്തതാണ്; മാറ്റമില്ലാത്തതാണ്. സ്നേഹത്തിന്റെ പ്രവൃത്തിയല്ലാതെ മറ്റൊന്നും ദൈവത്തിന്റെ ഭാഗത്തുനിന്നുണ്ടാവുകയില്ല. ഇത് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന വിഷയമാണ്. എന്നാൽ പലപ്പോഴും പല ക്രൈസ്തവരും തങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകുന്നു. അതിന്റെ ഫലമായി വെളിപാടിന്റെ പൂർണ്ണതയുടെ വെളിച്ചത്തിൽ ജീവിക്കാതെ അപൂർണ്ണമായ പഴയനിയമവെളിപാടിന്റെ വെളിച്ചത്തിൽ ജീവിക്കാനിടയാകുന്നു. പുതിയ നിയമത്തെ കൂടാതെ പഴയനിയമം പൂർണ്ണമാകുന്നില്ല എന്ന സത്യം അവർ വിസ്മരിക്കുന്നു.

**വചനപാഠം :** "ദൈവം അയച്ചവർ ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നു. ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ആരെയെങ്കിലും കളിയാക്കാൻ തോന്നുമ്പോൾ ഈശോയെ പ്രതി വേണ്ടെന്നുവയ്ക്കുക.

# മംഗലവാർത്താക്കാലം - നാലാം ഞായർ

## ഡിസംബർ - 20

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 1:18-24**

യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹ നിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ, കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു: ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭംധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നുപേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും. കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്നു കർത്താവ് പ്രവാചകൻ മുഖേന അരുളിച്ചെയ്തതു പൂർത്തിയാകാൻവേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്. ജോസഫ് നിദ്രയിൽ നിന്നുണർന്ന്, കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു.



# വചനമനനം

ഇന്ന് ഡിസംബർ 20. ഇനി രക്ഷകന്റെ വരവിനായി വളരെ ചുരുങ്ങിയ ദിവസങ്ങൾ മാത്രം. യേശുക്രിസ്തുവിന്റെ ജനനത്തെപ്പറ്റി വി. മത്തായി സുവിശേഷകൻ നൽകിയ വിവരണമാണ് നാമിന്ന് വായിച്ച്കേട്ടത്. ക്രിസ്തുമസ് കാലം നമുക്ക് ആഹ്ലാദത്തിന്റെയും ആഘോഷങ്ങളുടെയും കാലമാണല്ലോ. എന്നാൽ, രക്ഷകനായ ഈശോ ജനിച്ച അന്ന് ഇവയൊന്നും ഇല്ലായിരുന്നു. ലോകത്തെ രക്ഷിക്കുവാൻ വന്ന ദൈവപുത്രൻ ലോകത്തിലെ ഏറ്റവും നിസ്സാരനായിട്ടാണ് ജന്മമെടുത്തത്; ഒരു കാലിത്തൊഴുത്തിൽ. അവിടെ വേദനയുണ്ടായിരുന്നു, കഷ്ടപ്പാടുണ്ടായിരുന്നു, അപമാനത്തിന്റെ വലിയ ഭാരമുണ്ടായിരുന്നു. ദിവ്യരക്ഷകന് ഭൂമിയിലവതരിക്കാൻ വലിയ വ്യഥകളനുഭവിച്ച പരിശുദ്ധ അമ്മയേയും വിശുദ്ധ യൗസേപ്പിതാവിനേയും നമ്മുടെ സ്മൃതി മണ്ഡലത്തിലേക്ക് വീണ്ടും കൊണ്ടുവരികയാണ് വി. മത്തായി ശ്ലീഹാ.

ഈശോ ആരാണെന്ന് ചോദിച്ചാൽ ദൈവശാസ്ത്രജ്ഞന്മാർ പറയും: “ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തി, മനുഷ്യനായി അവതരിച്ച, സകലവും സൃഷ്ടിച്ച ദൈവത്തിന്റെ വചനം.” ദൈവമായിരുന്നിട്ടും അവിടുന്ന് മനുഷ്യനായി ജന്മമെടുത്തു. പാപത്തിലൊഴികെ മറ്റെല്ലാത്തിലും മനുഷ്യനോട് സാമ്യമുള്ളവനായി. ഇതാണ് നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്നത്. പക്ഷേ, ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്ന യഹൂദ ജനതയ്ക്ക് ദൈവപുത്രന്റെ ഈ എളിയ ജനനം ഒരിക്കലും സ്വീകരിക്കാൻ സാധിച്ചില്ല. അവർ പ്രതീക്ഷിച്ച യുദ്ധവീരനായ രക്ഷകന് പകരം എളിയവരുടെയും പാപികളുടെയും സങ്കേതമായാണ് അവിടുന്ന് വന്നത്. ഭൗതികമായി യുദ്ധം ചെയ്ത് രാജ്യങ്ങൾ പിടിച്ചടക്കാൻ ആയിരുന്നില്ല, എന്നെന്നേക്കുമായി പാപത്തിൽ വീണ മനുഷ്യനെ സ്വജീവൻ തന്നെ ബലിയായി അർപ്പിച്ച് വീണ്ടെടുക്കാൻ ആയിരുന്നു. ‘ഉണ്ടാകട്ടെ’ എന്ന ഒറ്റ വാക്കിൽ സകലതും സൃഷ്ടിച്ചവന്റെ എളിമപ്പെടൽ. ലോകത്തിന്റെ വിജ്ഞാനികൾക്ക് ഇത് ശുദ്ധ അസംബന്ധമായിരുന്നു. മനുഷ്യാവതാരത്തെ അവർ ഇന്നും ഒരു വിരോധാഭാസമായി കരുതുന്നു.

ഈശോ വെറുമൊരു അവതാരപ്പിറവിയാണെന്ന് പറയുന്നവരുണ്ട്. അവതാരങ്ങൾ ഭൂമിയിൽ ധർമ്മം നഷ്ടപ്പെടുമ്പോൾ അത് പുനഃസ്ഥാപിക്കാൻ ജന്മമെടുക്കുന്നവയാണ്. അവയെല്ലാം മനുഷ്യരൂപത്തിലാകണമെന്നില്ല. അവതാരങ്ങൾ പലതാണ്: ഓരോ

യുഗമനുസരിച്ച് അവ പ്രത്യക്ഷപ്പെടുന്നു. അവതാരങ്ങൾ ദൈവങ്ങളുടെ ഒരു രൂപമാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഇതിൽ നിന്നും ഈശോ വ്യത്യസ്ഥനാണ്. ഈശോ ഒരു അവതാരമല്ല. ചരിത്രത്തിൽ ഒരിക്കൽ മാത്രമാണ് ഈശോ വന്നത്. അവിടുന്ന് ചരിത്രത്തെ തന്നെ രണ്ടായി വിഭജിച്ചവനാണ്. മനുഷ്യനായി അവതരിച്ച ഈശോ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിതന്നെയാണ്. അവിടുന്ന് പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണ്. ദൈവത്തിന്റെ ഒരു രൂപമല്ല. ആയതിനാൽ തന്നെ ഈശോയുടെ മനുഷ്യാവതാരം ഒരു തർക്കവിഷയമായി നിലകൊള്ളുന്നു. ഇത് മനുഷ്യരുടെ ഗ്രഹണശക്തിക്കതീതമാണ്. കാരണം, തന്റെ ഏക പുത്രനെ നൽകാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച പിതാവിന്റെ സ്നേഹമാണത്. കുരിശിലെ തന്റെ ബലിവഴി പാപത്തെയും മരണത്തെയും ഈശോനാഥൻ തോൽപ്പിച്ചു. അങ്ങനെ മനുഷ്യരായ നമുക്ക് അവിടുന്ന് രക്ഷയുടെ പാത തുറന്നുതന്നു.

ക്രിസ്തീയ വിശ്വാസത്തിന്റെ ആണിക്കല്ലായ ഈ മഹാ സത്യങ്ങൾ ലോകത്തിന്റെ മുമ്പിൽ തർക്കിച്ച് സ്ഥാപിച്ചെടുക്കാനുള്ളതല്ല. അത് ക്രിസ്തുവിനെ പിഞ്ചെല്ലുന്നവർക്ക് വേണ്ടി നീക്കിവെച്ചിരിക്കുന്ന അക്ഷയഖനിയാണ്. ആയതിനാൽ, വിശ്വാസസത്യങ്ങളെ ചൊല്ലി ഇതരമതങ്ങളുമായി നാം സംവാദത്തിലേർപ്പെടുമ്പോൾ വളരെയധികം ശ്രദ്ധിക്കണം. ഓരോ വിശ്വാസവും ഓരോ ഭാഷപോലെയാണ്. അതിന് അതിന്റേതായ അക്ഷരങ്ങളും രീതികളുമുണ്ട്. സ്വന്തം മതവും വിശ്വാസവുമാണ് ഏറ്റവും നല്ലത് എന്ന് ആർക്കും സ്ഥാപിക്കാൻ സാധിക്കില്ല. ഈശോയും അങ്ങനെ ചെയ്തില്ല. അവിടുന്ന് മറ്റുള്ളവരെ സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു. ആ മാതൃകയാകണം ഓരോ ക്രിസ്ത്യാനിയും പിന്തുടരേണ്ടത്. അങ്ങനെ കലഹങ്ങളിൽ നിന്നും ഭിന്നതകളിൽ നിന്നും നമുക്ക് ഒഴിഞ്ഞ് നിൽക്കാനാകും. സഹനത്തിന്റെ വില മറന്നുപോകുന്ന ലോകത്തിന് ക്രിസ്ത്യാനി എതിർ സാക്ഷ്യമാകട്ടെ.

**വചനപാഠം :** "എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** കർത്താവേ പാപിയായ എന്നിൽ കനിയണമേ എന്ന് ഏഴുപ്രാവശ്യം ചൊല്ലുക.



# മംഗലവാർത്താക്കാലം - നാലാം തിങ്കൾ

**ഡിസംബർ - 21**

**വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:1-5**

ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല. അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല.

## വചനമനനം

യോഹന്നാന്റെ സുവിശേഷത്തിന്റെ ആരംഭം ഒരു ഗാനാലാപത്തോടുടെയാണ്. അതിനുള്ളിൽ താൻ എഴുതാൻ പോകുന്നതിന്റെ ചുരുക്കം അടങ്ങിയിരിക്കുന്നു. ആദ്യത്തെ 5 വാക്യങ്ങളാണ് ആ ഗാനം. സൃഷ്ടിയുടെ ആരംഭം മുതലാണ് തുടക്കം. ''ആദിയിൽ വചനം ഉണ്ടായിരുന്നു. ഈ പ്രപഞ്ചവും സകലചരാചരങ്ങളും സൃഷ്ടിക്കപ്പെട്ടത് വചനത്താലാണ്. വചനം ദൈവത്തോട് കൂടെയായിരുന്നു. വനചമാണല്ലോ മാംസം ധരിച്ച് മനുഷ്യനായി അവതരിച്ചത്. വചനം ദൈവമായിരുന്നു. ഇപ്രകാരം ആരംഭിക്കുന്ന യോഹന്നാന്റെ സുവിശേഷത്തിലെ 5-ാം വാക്യമാണ്:
" ആ വെളിച്ചം ഇരുട്ടിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല."

പ്രിയപ്പെട്ടവരെ, എന്താണ് ഇരുൾ? എന്തെങ്കിലും കൂട്ടി യോജിപ്പിച്ചാൽ ഇരുൾ ഉണ്ടാകുമോ? ചില വസ്തുക്കൾ കൂട്ടി യോജിപ്പിച്ചാൽ പ്രകാശം ഉണ്ടാകും. പ്രകാശം എന്നൊരു വസ്തു ഉണ്ടെന്നുപറയാം. ഇരുട്ട് എങ്ങനെയാണ് അനുഭവപ്പെടുക. പ്രകാശം ഇല്ലെങ്കിൽ ഇരുട്ട് അനുഭവപ്പെടും. ചുരുക്കത്തിൽ പ്രകാശത്തിന്റെ അഭാവമാണ് ഇരുട്ട്. പ്രകാശത്തെ കീഴടക്കാൻ ഇരുളിനു കഴിയില്ല. എന്നാൽ പ്രകാശത്തിൽ നിന്നും അകന്നാൽ, പ്രകാശം ഇല്ലാതായാൽ ഇരുട്ട് വ്യാപിക്കുന്നു. അതെ, യേശുവുമായുള്ള ബന്ധത്തിലാണ് ഒരുവൻ പ്രകാശത്തിലാവുക. യേശുവിനെ സ്വീകരിക്കുന്നില്ലെങ്കിൽ,

കൂദാശകളിലൂടെ യേശുവുമായി ഒന്നാകുന്നില്ലെങ്കിൽ, യേശുവുമായുള്ള കൂട്ടായ്മ തകർന്നാൽ അവനിലെ പ്രകാശം അസ്തമിക്കുകയും ഇരുൾ വ്യാപിക്കുകയും ചെയ്യും.

അടുപ്പിൽ ജ്വലിച്ചുനിൽക്കുന്ന തീക്കനലുകൾ വീണ്ടും ഉജ്ജ്വലിപ്പിക്കുന്നില്ലെങ്കിൽ അത് ക്രമേണ ചാരം പൊതിയുകയും അവസാനം കെട്ടുപോവുകയും ചെയ്യുന്നതുപോലെ, ഒരിക്കൽ യേശുവുമായുള്ള ബന്ധത്തിൽ ആയിരുന്ന ഒരാൾ ആ ബന്ധം നവീകരിക്കാതിരുന്നാൽ പ്രകാശം മങ്ങും. കാലക്രമത്തിൽ അന്ധകാരമായി മാറും അവന്റെ ജീവിതം. അതിനാൽ പ്രകാശമായ യേശുവിനോടു പുറംതിരിഞ്ഞു നിൽക്കാതെ, അനുരഞ്ജന കൂദാശയിലൂടെ വീണ്ടും പ്രകാശത്തിലേക്ക് നമുക്ക് അടുത്തു വരാം.

പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷരചന ആരംഭിച്ച യോഹന്നാൻ, തന്റെ സുവിശേഷം ആരംഭിക്കുന്നത്, കാലിത്തൊഴുത്തിൽ പിറന്ന് കുരിശിൽ മരിച്ച്, മൂന്നാം ദിവസം ഉയിർത്ത യേശു ആരാണെന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരവുമായാണ്. ഊർജ്ജസ്വലവും ജീവനുള്ളതുമായ ദൈവവചനം മനുഷ്യനായി ഭൂമിയിൽ ജന്മമെടുത്ത ഈശോ തന്നെയാണ്. അന്ധകാരത്തിൽ തപ്പിത്തടഞ്ഞ്, ലക്ഷ്യമില്ലാതെ അലഞ്ഞ മനുഷ്യകുലത്തിന് പ്രകാശമായാണ് അവൻ ലോകത്തിലേക്ക് വന്നത്. പ്രകാശം ഒരിക്കലും അന്ധകാരത്തെ തന്നിലേക്ക് സ്വീകരിക്കുന്നില്ല. അന്ധകാരം പ്രകാശത്തിൽ ഇല്ലായ്മചെയ്യപ്പെടുന്നു. അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. ഒരിക്കലും അണയാത്ത ദൈവത്തിന്റെ പ്രകാശം യേശുക്രിസ്തുവിലൂടെ ഇന്ന് നമ്മുടെയിടയിൽ പ്രകാശിക്കുന്നു. അന്ധകാരം തിങ്ങി നിറഞ്ഞ രാത്രിയിലൂടെ നിശബ്ദതയ്ക്ക് വിരാമമിട്ടുകൊണ്ട് പ്രകാശമായി ലോകത്തിലേക്ക് വന്ന വചനമായ ഈശോയെ സ്വീകരിക്കാൻ നമ്മുടെ ഹൃദയത്തെയും, അവിടുത്തെ ദർശിക്കാൻ നമ്മുടെ കണ്ണുകളെയും, അവനെ ശ്രവിക്കാൻ നമ്മുടെ കാതുകളേയും തമ്പുരാൻ തുറക്കട്ടെ.

**വചനപാഠം :** "സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** എല്ലാം നൽകി പരിപാലിക്കുന്ന ദൈവത്തിന് നന്ദി പറഞ്ഞ് 2 മിനിറ്റ് കണ്ണടച്ച് പ്രാർത്ഥിക്കുക.



# മംഗലവാർത്താക്കാലം - നാലാം ചൊവ്വ

**ഡിസംബർ - 22**

**വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ**
**കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 1:6-13**

ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേരു യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു - വെളിച്ചത്തിനു സാക്ഷ്യം നൽകാൻ; അവൻ വഴി എല്ലാവരും വിശ്വസിക്കാൻ. അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവനാണ്. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു. അവൻ ലോകത്തിലായിരുന്നു. ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. എങ്കിലും, ലോകം അവനെ അറിഞ്ഞില്ല. അവൻ സ്വജനത്തിൻെറ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി. അവർ ജനിച്ചതു രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽനിന്നത്രേ.

## വചനമനനം

"അവൻ സാക്ഷ്യത്തിനായി വന്നു. വെളിച്ചത്തിനു സാക്ഷ്യം നൽകാൻ, അവൻ വഴി എല്ലാവരും വിശ്വസിക്കാൻ" (യോഹ. 1:7)

പ്രവാചകൻ സ്നാപകയോഹന്നാനെക്കുറിച്ചുള്ള യോഹന്നാൻ ശ്ലീഹായുടെ വളരെ ലളിത സുന്ദരമായ പരിചയപ്പെടുത്തൽ. പിന്നീടങ്ങോട്ട് ബൈബിൾ ചരിത്രം മുന്നോട്ടുപോകുമ്പോൾ നാം കണ്ടുമുട്ടുന്നത് ഈ സാക്ഷ്യജീവിതം പൂർത്തിയാക്കാൻ സ്വന്തം ശിരസ് ഛേദിക്കപ്പെടേണ്ടിവന്ന യോഹന്നാനെയാണ്. ക്രിസ്തുവിനു വഴി ഒരുക്കിയിട്ട്, അവനുവേണ്ടി വഴിമാറിക്കൊടുത്ത ഈ പ്രവാചകൻ നമ്മുടെ മുന്നിലുയർത്തുന്ന ചോദ്യമിതാണ്. 'ഇന്നിന്റെ യോഹന്നാനായി മാറാനാകുമോ നിനക്ക്?

1948 ൽ റോമാനഗരം ആക്രമിക്കപ്പെട്ടപ്പോൾ റോമൻ സൈന്യാധിപനായിരുന്ന ജ്യൂസെപ്പി ഗ്യാരിബാൾഡി തന്റെ സൈനികരോട് നടത്തിയ അഭ്യർത്ഥന ചരിത്രപ്രസിദ്ധമാണ്. ""Dear

solders, I have nothing to offer you but hunger and thirst, hardship and death. But I call on all who love thier country... join with me" (പ്രിയപ്പെട്ട സൈനികരേ, വിശപ്പും ദാഹവും കണ്ണീരും ദുരിതവുമല്ലാതെ മറ്റൊന്നും ഞാൻ നിങ്ങൾക്കു വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ രാജ്യത്തെ സ്നേഹിക്കുന്ന എന്റെ പ്രിയപ്പെട്ടവരേ, എനിക്കു നിങ്ങളോട് ഒരു അഭ്യർത്ഥനയുണ്ട്. നിങ്ങൾ എന്നോട് ചേർന്നു നിൽക്കണം) ഗ്യാരിബാൾഡിയോട് ചേർന്നു നിന്ന സൈന്യം ശത്രുസേനയെ തുരത്തി രാജ്യം തിരിച്ചുപിടിച്ചു.

ദൈവരാജ്യത്തിന്റെ നന്മകൾ ഈ ഭൂമിയിൽ പൂത്തുലയണം എന്നാഗ്രഹിക്കുന്നവരോടുള്ള ക്രിസ്തുവിന്റെ അഭ്യർത്ഥനയും ഇതുതന്നെയാണ്. അവനോട് ചേർന്നുനിൽക്കുന്ന ഏതൊരുവനും വിലകൊടുക്കേണ്ടിവരും. സ്നാപകയോഹന്നാനേപ്പോലെ comfort zone കൾ വിട്ട് പുറത്തിറങ്ങേണ്ടി വരും... കരയിലിരുന്ന് തിരമാലകൾകണ്ട് രസിക്കുന്നവരാകാതെ കടലിലേക്കിറങ്ങി, താണ്ഡവമാടുന്ന അലകളുടെ ശക്തി അറിയേണ്ടി വരും. എങ്കിൽ മാത്രമേ, ഇന്നിന്റെ യോഹന്നാനായി മാറാൻ നമുക്കും ആകൂ.

ക്രിസ്ത്യാനി, ക്രിസ്തുവിന്റെ മണമുള്ളവനായിരിക്കണം. ചിന്തയിലും വാക്കിലും പ്രവൃത്തികളിലും ക്രിസ്തുവിന്റെ പരിമളം പരത്തുന്നവനായി മാറണം.. അന്ന് സത്യമായി വന്ന യോഹന്നാൻ വഴി അനേകർ അവനിൽ വിശ്വസിക്കാൻ ഇടയായെങ്കിൽ ഇന്ന് അവനെ ലോകം അറിയേണ്ടത് എന്നിലൂടെയും നിങ്ങളിലൂടെയുമാണ്. എന്റെ ഒരു വാക്കോ പ്രവൃത്തിയോ മറ്റൊരുവന്റെ ഹൃദയത്തെ ക്രിസ്തുവിലേക്ക് ഉയർത്താൻ ഇടയായെങ്കിൽ മറ്റൊരു യോഹന്നാനായി മാറി എന്ന സംതൃപ്തി അനുഭവിക്കാൻ നമുക്കും ഇടയാകും.

ഗുരുവിനെ അന്വേഷിച്ചിറങ്ങിയിട്ട് അവന്റെ വടിയും സഞ്ചിയും മാത്രം മതി എന്നു വാശിപിടിക്കുന്ന ശിഷ്യന്മാരായി മാറാറുണ്ട് നമ്മിൽ പലരും. കൃപകളും വരങ്ങളും അനുഗ്രഹങ്ങളും അന്വേഷിക്കുന്നതിനിടയിൽ അനുഗ്രഹദാദാവിനെ തേടാൻ മറക്കുന്നവർ. മറ്റു പലതിനും വേണ്ടി നെട്ടോട്ടമോടുന്നതിനിടയിൽ ക്രിസ്തുവിനുവേണ്ടി ജീവിക്കാൻ മറന്നുപോകുന്ന നാമമാത്രമായ ക്രിസ്ത്യാനികൾ. ക്രിസ്തുവിനെ സ്നേഹിക്കാൻ ജീവിതം ക്രമപ്പെടുത്തേണ്ടതിനു പകരം, നമ്മുടെ വഴിക്ക് കാര്യങ്ങൾ നടക്കുക എന്ന സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി മാത്രം ക്രിസ്തുവിനെ സ്നേഹിക്കുക എന്ന നിലപാടിലേക്കുള്ള നമ്മുടെ അധഃപധനത്തെ



തീർച്ചയായും ധ്യാനവിധേയമാക്കേണ്ടതാണ്.

ക്രിസ്ത്യാനി എന്ന പേരിനു യോജിച്ചവിധം നെഞ്ചുവിരിച്ചു ജീവിക്കാനാകണമെങ്കിൽ ചില ത്യാഗങ്ങളൊക്കെ നാം ഏറ്റെടുത്തേ മതിയാകൂ..... ചില സുഖത്തിന്റെ താഴ്‌വാരങ്ങളൊക്കെ വിട്ട് കയറിവന്നാലേ മതിയാകൂ.... അപ്പോൾ, ഒരിക്കലും ക്രിസ്തുവിനെ അറിയാത്തവർ നമ്മെ നോക്കി പറയും: അവൻ ഒരു വെളിച്ചത്തെ വഹിക്കുന്നുണ്ട്, ആ വെളിച്ചം ക്രിസ്തുവാണ് എന്ന്. അങ്ങനെ അവന്റെ പ്രകാശത്തിലേക്കും സ്നേഹാനുഭവത്തിലേക്കും അനേകർ കടന്നുവരാൻ നമ്മുടെ സാക്ഷ്യജീവിതം കാരണമാകട്ടെ. ഇന്നിന്റെ യോഹന്നാൻമാരായി മാറാൻ തക്കവിധം ക്രിസ്തുവിനോടുള്ള സ്നേഹം നമ്മിൽ കരകവിഞ്ഞൊഴുകട്ടെ.

**വചനപാഠം :** "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** യേശുനാമം 100 തവണ ഉച്ചരിക്കുക.

## മംഗലവാർത്താക്കാലം - നാലാം ബുധൻ

### ഡിസംബർ - 23

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

#### അധ്യായം 1:43-51

പിറ്റേദിവസം അവൻ ഗലീലിയിലേക്കു പോകാനൊരുങ്ങി. പീലിപ്പോസിനെക്കണ്ടപ്പോൾ യേശു അവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക. പീലിപ്പോസ് അന്ത്രയോസിന്റെയും പത്രോസിന്റെയും പട്ടണമായ ബേത്സയ്ദായിൽനിന്നുള്ളവനായിരുന്നു. പീലിപ്പോസ് നഥാനയേലിനെക്കണ്ട് അവനോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ - ജോസഫിന്റെ മകൻ , നസറത്തിൽനിന്നുള്ള യേശുവിനെ - ഞങ്ങൾ കണ്ടു. നഥാനയേൽ ചോദിച്ചു: നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ? പീലിപ്പോസ് പറഞ്ഞു: വന്നു കാണുക! നഥാനയേൽ തന്റെ അടുത്തേക്കു വരുന്നതു കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: ഇതാ,

നിഷ്കപടനായ ഒരു യഥാർഥ ഇസ്രായേൽക്കാരൻ! അപ്പോൾ നഥാനയേൽ ചോദിച്ചു: നീ എന്നെ എങ്ങനെ അറിയുന്നു? യേശു മറുപടി പറഞ്ഞു: പീലിപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ്, നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു. നഥാനയേൽ പറഞ്ഞു: റബ്ബീ, അങ്ങു ദൈവപുത്രനാണ്; ഇസ്രായേലിന്റെ രാജാവാണ്. യേശു പറഞ്ഞു: അത്തിമരത്തിന്റെ ചുവട്ടിൽ നിന്നെ കണ്ടു എന്നു ഞാൻ പറഞ്ഞതുകൊണ്ട് നീ എന്നിൽ വിശ്വസിക്കുന്നു, അല്ലേ? എന്നാൽ ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും. അവൻ തുടർന്നു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവദൂതൻമാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെ മേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും.

## വചനമനനം

ഈ വചനഭാഗത്ത് പീലിപ്പോസ് നഥാനിയേലിനെ കണ്ട് അവനോട് പറയുകയാണ്. മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ ജോസഫിന്റെ മകൻ നസ്രത്തിൽ നിന്നുള്ള യേശുവിനെ ഞങ്ങൾ കണ്ടു. നഥാനിയേൽ ചോദിച്ചു; 'നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ." പീലിപ്പോസ് പറഞ്ഞു 'വന്നു കാണുക.' ഈ തിരുവചനം ഈ സുവിശേഷത്തിന്റെ അന്തസത്തയായി കാണാൻ സാധിക്കും. കാരണം യേശുവിന്റെ ജീവിതത്തെക്കുറിച്ച് നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ എന്ന് ചോദിച്ചതിനു മറുപടിയാണ് 'വന്നു കാണുക' എന്നത്. നമുക്കറിയാം യേശുവിന്റെ ജീവിതം വളരെ കുറച്ചു വർഷങ്ങൾ മാത്രമുള്ള ജീവിതമായിരുന്നു. 33 വർഷങ്ങൾ മാത്രമാണ് യേശു ജീവിച്ചത്.

യേശുവിന്റെ ജീവിതത്തെ ഒന്നാകെ സമാഹരിച്ച് ഒറ്റ വാക്യത്തിൽ പറയാം: നടപടി പുസ്തകം 10:38 'അവൻ നന്മ ചെയ്ത് കടന്നുപോയി'. നന്മ ചെയ്തത് എങ്ങനെ എന്ന് വി. സുവിശേഷം തന്നെ നമുക്ക് പറഞ്ഞുതരുന്നുണ്ട്. മത്തായി ശ്ലീഹായുടെ സുവിശേഷം 9:35 ഇങ്ങനെ പറയുന്നു. 'ഈശോ എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ച് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും എല്ലാവിധ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു' എന്ന്. അതെ അവൻ എത്ര ഹൃദയാർദ്രതയോടെയാണ് മനുഷ്യനോട് പെരുമാറിയതെന്ന് ഇവിടെ വ്യക്തമാണ്. വലിയ അലിവോടെ നന്മ ചെയ്തു പോയ ഈശോയുടെ ജീവിതത്തെ ആണ് ഈ തിരുവചനഭാഗം



സാക്ഷ്യപ്പെടുത്തുന്നത്.

വീണ്ടും വീണ്ടും നമ്മുടെ മനസിൽ ഏറ്റു പറയേണ്ട ഭാഗമാണിത്; 'വന്നു കാണുക.' നാമെല്ലാം ഈശോയുടെ സ്നേഹം അനുഭവിച്ചവരാണ്. യേശുവിനെപ്പോലെ നന്മ ചെയ്ത് കടന്നുപോയവരാണ് മഹാത്മാക്കളെല്ലാം. മറ്റുള്ളവർക്ക് നന്മ ചെയ്യുമ്പോൾ ആണ് നമ്മുടെ നാളുകൾ ഫലദായകമാവുന്നത്, നാം വലിയവരാകുന്നത്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വളരെ ശ്രദ്ധാർഹമായ ഒരു വാക്യം ഉണ്ട്. 'അന്യർക്ക് ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കു പുസ്തകത്തിൽ രേഖപ്പെടുത്തില്ല.' അതെ, നമ്മുടെ ജീവിതം ധന്യമാവുന്നത് മറ്റുളവർക്ക് നന്മ ചെയ്യുമ്പോളാണ്. കർത്താവ് മറ്റുള്ളവർക്ക് വേണ്ടിയുള്ളവനായിരുന്നു എന്ന് എവിടെയോ വായിച്ചത് ഓർമ്മിക്കുന്നു. നസ്രായനായ ഈശോ ദൈവമായിരുന്നിട്ടും വിണ്ണിൽ നിന്ന് മണ്ണിൽ വന്ന് മനുഷ്യനായി അവതരിച്ചത് സ്വന്തം കാര്യം നോക്കാനല്ല. മറിച്ച് മറ്റുള്ളവർക്ക് വേണ്ടി സ്വയം ഹോമിക്കാൻ വന്നവനായിരുന്നു. ആരുടെ ജന്മം കൊണ്ടാണോ മറ്റുള്ളവർക്ക് ഉന്നതി ഉണ്ടാകുന്നത് അവൻ മാത്രം ജനിച്ചവനായി കരുതാൻ പറ്റൂ എന്നാണ് ഒരു സംസ്കൃത സൂക്തം നമുക്ക് പറഞ്ഞുതരുന്നത്.

സജാതേയേന ജാത്രത<br>
ജാനി വംശഹ സമുന്നതി

അബ്രാഹം ലിങ്കൺ ഒരിക്കൽ പറയുകയുണ്ടായി. 'കളകൾ പിഴുതുകളഞ്ഞ് പൂവിരിയാൻ സാധ്യത ഉള്ളിടങ്ങളിലെല്ലാം പൂച്ചെടികൾ നട്ടുപിടിപ്പിക്കുക." അതാണ് ധന്യജീവിതം. നമുക്കറിയാം കുഞ്ഞുങ്ങൾ കരഞ്ഞുകൊണ്ടാണ് പിറന്നു വീഴുന്നത്. കുഞ്ഞ് മാത്രം കരയുന്നു. മറ്റുള്ളവർ കുഞ്ഞിന്റെ ജനനത്തിൽ സന്തോഷിക്കുന്നു. അതുപോലെ നാം മരിക്കുമ്പോൾ നമ്മൾ മാത്രം സന്തോഷിക്കാനും, മറ്റുള്ളവർ കരയാനും മാത്രം.നന്മ ചെയ്തു കടന്നുപോകുവാൻ നമുക്ക് പരിശ്രമിക്കാം. ജോൺ ബ്രിസ്ലി ഇപ്രകാരം പറയുന്നു. "Do all the good you can by all the means you can, in all the ways you can, in all the places you can, to all the people you can, as long as you can." നമുടെ ജീവിതം മറ്റുള്ളവർക്ക് നന്മ ചെയ്ത് കൂടുതൽ ശ്രേഷ്ഠമാക്കിമാറ്റാം.

**വചനപാഠം :** "യേശു അവനോടു പറഞ്ഞു, എന്നെ അനുഗമിക്കുക" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** പൂർണ്ണമായി കർത്താവിനെ അനുഗമിക്കുന്നതിൽ നിന്നും

നമ്മെ തടയുന്ന കാര്യങ്ങൾ കണ്ടെത്തുക (ധനം, സുഖം)

## മംഗലവാർത്താക്കാലം - നാലാം വ്യാഴം

**ഡിസംബർ - 24**

**വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ**
**കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 5:17-20**

നിയമത്തെയോ പ്രവാചകൻമാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്. ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും നിറവേറുവോളം നിയമത്തിൽനിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻമറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ചെറിയവനെന്നു വിളിക്കപ്പെടും. എന്നാൽ, അത് അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവനെന്നു വിളിക്കപ്പെടും. നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു.

## വചനമനനം

നിയമം, നിയമലംഘനം, നീതി എന്നീ വിഷയങ്ങൾ നമ്മുടെ വിചിന്തനത്തിനായി നൽകുകയാണ് ഇന്നത്തെ വായനയിലൂടെ വിശുദ്ധ മത്തായി സുവിശേഷകൻ. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഈ വാക്യങ്ങളിൽ അധികവും പരാമർശിക്കപ്പെടുന്ന



വാക്കാണല്ലോ 'നിയമം'. വളരെ വലിയ ആവൃതിയുള്ള വാക്കാണിത്. തെറ്റ്ചെയ്യരുത് എന്ന് അനുശാസിക്കുന്ന സാധാരണ നിയമമല്ല സുവിശേഷകൻ ഇവിടെ സൂചിപ്പിക്കുന്നത്. നിയമം എന്നത് യഹൂദന്റെ മുഴുവൻ നിയമ സംഹിതയാണ്; ബൈബിളിന്റെ പഴയ നിയമം മുഴുവനും. ഇത്തരത്തിലുള്ള വാക്കുകൾ എഴുതപ്പെടാനുള്ള ഒരു കാരണമുണ്ട്. ആധിമ ക്രൈസ്തവ സമൂഹത്തിൽ പഴയ നിയമത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെട്ടപ്പോൾ ദൈവിക വെളിപാടിന്റെ ഒരുമ ചൂണ്ടിക്കാണിക്കാൻ എഴുതപ്പെട്ടതാണിതെന്ന അഭിപ്രായമുണ്ട്.

ഈ വചനങ്ങളിൽ ഒരു വൈരുദ്ധ്യം നാം കാണുന്നു. ഈശോ നിയമത്തിന്റെ സാധുതയെ ഉയർത്തിക്കാട്ടുന്നുണ്ട്. “ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ സമസ്തവും നിറവേറുവോളം നിയമത്തിൽ നിന്ന് വള്ളിയോ പുള്ളിയോ മാറുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.” പക്ഷേ, അവിടുന്ന് പറയുന്നു “നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു.”എന്തുകൊണ്ട് നിയമത്തെ ഉയർത്തിക്കാട്ടുന്ന ക്രിസ്തു അത് പഠിപ്പിക്കുന്നവരെ നിശിതമായി വിമർശിക്കുന്നു? നിയമത്തിന് മനുഷ്യൻ നൽകിയ വ്യാഖ്യാനത്തെയാണ് അവിടുന്ന് തള്ളിക്കളയുന്നത്. ആത്മാവില്ലാത്ത, കരുണയില്ലാത്ത അനുഷ്ഠാനങ്ങളെ മാറ്റിക്കളയുവിൻ എന്നാണ് അവിടുന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നത്.

അങ്ങനെയെങ്കിൽ ഈശോ നൽകുന്ന വ്യാഖ്യാനം എന്താണ്? അവിടുന്ന് നൽകിയത് സ്നേഹത്തിന്റെ കൽപ്പനയാണ്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നായിരുന്നു അവിടുത്തെ വാക്കുകൾ. സ്നേഹമുള്ളവരെ, ദൈവത്തിന്റെ നിയമം സ്നേഹത്തിന്റെ നിയമമാണ്. അത് എന്തെങ്കിലും വിലക്കുന്നുണ്ടെങ്കിൽ അതെല്ലാം സ്നേഹത്തിനെതിരായ പാപങ്ങളാണ്. അർത്ഥമില്ലാത്ത അനുഷ്ഠാനങ്ങളല്ല നമുക്ക് വേണ്ടത്. മറ്റുള്ളവരുടെ കാഴ്ചയിൽ നല്ലത് എന്ന് തോന്നിപ്പിക്കാൻ മാത്രം ഉതകുന്ന പ്രവൃത്തികളല്ല നാം ചെയ്യേണ്ടത്. മറിച്ച്, ലോകത്തിന്റെ തിന്മ നിറഞ്ഞ കാഴ്ചപ്പാടുകൾക്കെതിരാണെങ്കിലും അവയെ അതിലംഘിച്ച് അപരന് കൊടുക്കുന്ന ഒരു പാത്രം വെള്ളത്തിനുപോലും അളവറ്റ അനുഗ്രഹം നൽകുന്നവനാണ് നമ്മുടെ നാഥൻ, അങ്ങനെ അവിടുത്തെ മഹത്തപൂർണ്ണമായ രണ്ടാം വരവിൽ വലത്തുഭാഗത്തു നിൽക്കാൻ യോഗ്യതയുള്ളവരായി മാറാം നമുക്ക്.



**വചനപാഠം :** “ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ചെറിയവനെന്നു വിളിക്കപ്പെടും” (ചൊല്ലിക്കൊടു

# മംഗലവാർത്താക്കാലം – നാലാം വെള്ളി

**ഡിസംബർ – 25 (ക്രിസ്തുമസ്)**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 2: 8–14**

ഇന്ന് ഈശോയുടെ പിറവിതിരുനാൾ! ഇന്ന് ലോകശ്രദ്ധ പതിക്കുന്ന സ്ഥലമാണ് ബേത്‌ലെഹെം. ദൈവം മനുഷ്യനായി പിറന്ന പുണ്യസ്ഥലം. ഓരോ ക്രിസ്തുമസിനും അനേകായിരങ്ങൾ ഓടിയെത്തിയിരുന്ന സ്ഥലം. ഈ വർഷം അവിടവും ജനനിബിഡമല്ല. കോവിഡ് ബാധ ബേത്‌ലെഹെമിനേയും ബാധിച്ചു. എന്നാൽ ബേത്‌ലെഹെം നിശബ്ദമായി ഒരു സന്ദേശം കൈമാറുന്നുണ്ട്. ബേത്‌ലെഹെം എന്ന ഹീബ്രു വാക്കിന്റെ അർഥം അപ്പത്തിന്റെ ഭവനം എന്നാണ്. അപ്പത്തിന്റെ ഭവനത്തിൽ സ്വയം അപ്പമായി മാറിയവൻ വന്നു പിറന്നു. അറബി ഭാഷയിൽ ബേത്‌ലെഹെം എന്ന് പറഞ്ഞാൽ മാംസത്തിന്റെ ഭവനം എന്നാണ്. മാംസം മുറിക്കപ്പെടുന്നതാണ്. മാംസത്തിന്റെ ഭവനത്തിൽ സ്വയം മുറിച്ചു നല്കിയവൻ വന്നു പിറന്നു. ഹീബ്രു ഭാഷയും അറബി ഭാഷയും ഉണ്ടാകുന്നതിനു മുമ്പ് തന്നെ ബേത്‌ലെഹെം എന്ന പേര് ഉണ്ടായിരുന്നു. അത് പ്രാചീനസംസ്കാരത്തിലെ ബേത്‌ലെഹെം ആയിരുന്നു. പ്രാചീന മത സങ്കല്പത്തിലെ യുദ്ധ ദേവനായിരുന്നു ലഹും. ബേത്‌ലെഹെം എന്നാൽ യുദ്ധദേവന്റെ ഭവനം. യുദ്ധദേവന്റെ ഭവനത്തിൽ സമാധാനരാജാവ് വന്നു പിറന്നു. അവന്റെ പിറവിയിൽ മാലാഖമാർ പാടി "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി ഭൂമിയിൽ ദൈവ കൃപ ലഭിച്ചവർക്ക് സമാധാനം". ബേത്‌ലെഹെം പറയുന്ന സന്ദേശം അപ്പത്തിന്റെ ഭവനമാകാനും മുറിക്കപ്പെടുന്ന (പങ്കുവെയ്ക്കുന്ന) ഭവനമാകാനും സമാധാനത്തിന്റെ ഭവനമാകാനുമാണ്. അതിനു നമ്മെ കരുത്തരാക്കുവാനാണ് ഇന്നു നമ്മുടെ അൾത്താരകളിൽ അവിടന്ന് അപ്പമായി പിറക്കുന്നതും, നമുക്കായി മുറിക്കപ്പെടുന്നതും, സമാധാനം നിങ്ങളോടുകൂടെ എന്ന ആശംസയോടെ കുർബാന മധ്യേ കടന്നുവരുന്നതും. ആ ഈശോയെ സ്വീകരിക്കാൻ നമുക്കും ബേത്‌ലെഹെമാകാം. അപ്പമില്ലാത്തവർക്ക് അപ്പമാകുന്നതിന്, സ്വയം ദാനമായി നല്കുന്നതിനു, സമാധാനം സ്ഥാപിക്കുന്നതിന് അവിടന്ന് നമ്മിൽ ജന്മമെടുക്കട്ടെ. എല്ലാവർക്കും



സ്നേഹപൂർവ്വം പാലാ രൂപത ബൈബിൾ അപ്പസ്തോലെറ്റിൽ നിന്നും ക്രിസ്തുമസ് മംഗളങ്ങൾ ആശംസിക്കുന്നു. ദൈവ കൃപ പ്രാർത്ഥിക്കുന്നു.

വചനപാഠം : "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു."

സത്കൃത്യം : ഭക്ഷണം ലഭിക്കാൻ പ്രയാസമുള്ള ആർക്കെങ്കിലും ഒരു നേരത്തെ ഭക്ഷണം നല്കുക.

മംഗളവാർത്താക്കാലം വചനമനനം ഓരോ ദിവസവും എത്തിക്കുന്നതിന് സഹായിച്ച ബഹു. ജോസഫ് വിളക്കുന്നേൽ അച്ചനും, മൂലയിൽ അച്ചനും, ബ്രദർ തോമസ് വില്ലന്താനം, ബ്രദർ ജോൺ കുന്നുംപുറത്ത്, ശ്രീ ജിസ്മോൻ തുടിയംപ്ലാക്കൽ, ശ്രീമതി സിൽവി മനോജ് എന്നിവർക്കും പ്രത്യേകം നന്ദി. ഒരിക്കൽക്കൂടി എല്ലാവർക്കും ക്രിസ്തുമസ് – പുതുവത്സരാശംസകൾ.

ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയ്ക്കൽ

ഡയറക്ടർ

ബൈബിൾ അപ്പസ്തോലെറ്റ്, പാലാ രൂപത